# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5 /357/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5 /357/2022 തീയ്യതി: 04/03/2022

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 14-02-2022 | 21-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 21-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. ജയകുമാർ പാലോളി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവൻ എൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം,ഓഡിറ്റർ
ശ്രീ.ശ്രീജിത് കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ മനോജ് ഒ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.റീന കെ.എം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മനോജ് ഒ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. രാജീവൻ വി.വി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ഷെറിൻ റിഷാദ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സുഹാസ് കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. നർദ ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.പി.ആർ ഷാമിൻ | മെഡിക്കൽ ഓഫീസർ (ടി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ഐശ്വര്യ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി സൗദ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ അനീഷ്കുമാർ ആർ.യു | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ ജംഷീർ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ സുരേന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലീന ടി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-4 |
| 6 | ആഭ്യന്തര നിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 24-02-2022)<br>Last Updated By: Vasudevan M (Deputy Director, On 02-03-2022) | 1-5 |
| 7 | പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 02-03-2022) | 1-6 |
| 8 | മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടികൾ<br>Written By: Balakrishnan K.M (Audit Officer (HG), On 24-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-7 |
| 9 | ധനമാനേജ്മെന്റ് പരാജയം-തനത് ഫണ്ട് കമ്മിയിൽ<br>Written By: Gireeshan Parappoyil (Audit Officer (HG), On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-8 |
| 10 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 02-03-2022) | 1-9 |
| 11 | റോഡ് കട്ടിംഗ് പുനസ്ഥാപന- ഫീ ഈടാക്കിയതിൽ കുറവ്.<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-10 |
| 12 | തൊഴിൽ നികുതി അപാകതകൾ<br>Written By: Srijith K.V (Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-11 |
| 13 | ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-12 |
| 14 | കെ.പി.ബി.ആർ പൊതു അപാകതകൾ<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-13 |
| 15 | അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുള്ള പ്ലോട്ടിലെ നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്തില്ല,<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-13-1 |
| 16 | ചട്ടവിരുദ്ധമായി ഭേദഗതി വരുത്തിയ കെട്ടിടം ക്രമവത്കരിച്ചു, | 1-13-2 |

| | | |
|---|---|---|
| | Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | |
| 17 | ചട്ട വിരുദ്ധമായി വിനിയോഗ ഗണം മാറ്റി നൽകി<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-13-3 |
| 18 | ഫയൽ ലഭ്യമാക്കിയില്ല<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-13-4 |
| 19 | ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-13-5 |
| 20 | നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല.<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-13-6 |
| 21 | വസ്തുനികുതി അപാകതകൾ<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-14 |
| 22 | കാർഷിക വിപണനകേന്ദ്രം -നാളിതുവരെയായും കെട്ടിടം പൂർത്തീകരിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-15 |
| 23 | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-16 |
| 24 | ക്ഷീരഗ്രാമം പദ്ധതി - ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-17 |
| 25 | അടങ്കൽ ചെയ്തതിൽ അധികരിച്ച തുക ചെലവഴിച്ചു.<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-18 |
| 26 | അഗതി രഹിത കേരളം പദ്ധതിക്കായി നൽകിയ തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നു<br>Written By: Jayakumar Paloli (Asst. Audit Officer, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-19 |
| 27 | മത്സ്യമാർക്കറ്റ് നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-20 |
| 28 | പഞ്ചായത്ത് ജീവനക്കാരുടെ യാത്രാബത്ത അനുവദിച്ചതിൽ അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-21 |
| 29 | കാർഷിക മേഖലയിലെ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-22 |
| 30 | ലോഗ്ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-23 |
| 31 | ഗവ.യു.പി.സ്കൂൾ,പേരാമ്പ്ര – അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത<br>Written By: Balakrishnan K.M (Audit Officer (HG), On 24-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-24 |
| 32 | കുടിവെള്ളക്കരം -അധിക തുക അടവാക്കി<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-25 |
| 33 | കണ്ടിജന്റ് ചെലവുകളിലെ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 23-02-2022) | 1-26 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 03-03-2022) | |
| 34 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-27 |
| 35 | മാലിന്യം നീക്കം ചെയ്യൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-28 |
| 36 | രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-29 |
| 37 | മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വീഴ്ച<br>Written By: N. Rajeevan (Senior Grade Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-30 |
| 38 | കുടിവെള്ള വിതരണം - അനിയന്ത്രിതമായി ചെലവ് നടത്തി<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-31 |
| 39 | സുഭിക്ഷ കേരളം- മത്സ്യോത്പാദന പദ്ധതികൾ നടപ്പാക്കിയില്ല.<br>Written By: Srijith K.V (Auditor, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-32 |
| 40 | തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-33 |
| 41 | പ്രിന്റിംഗ് ചാർജ്ജ്-തുക ചെലവഴിച്ചതിൽ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 26-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 1-34 |
| | **ഭാഗം 2** | |
| 1 | റോഡ് കട്ടിംഗ് പുനസ്ഥാപന- ഫീ ഈടാക്കിയതിൽ കുറവ്.<br>Written By: Jasir C M (Auditor, On 24-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 2-1 |
| | **ഭാഗം 3** | |
| 1 | കുടിവെള്ളക്കരം -അധിക തുക അടവാക്കി<br>Written By: Balakrishnan K.M (Audit Officer (HG), On 26-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 3-1 |
| 2 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ- നിർവ്വഹത്തിൽ കാലതാമസം<br>Written By: Balakrishnan K.M (Audit Officer (HG), On 26-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 22-02-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 03-03-2022) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Jasir C M (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 03-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ

14.2.19ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 32,42,08,006/-രൂപയാണ്. ആകെ ചെലവ് 32,06,88,050/-രൂപയും നീക്കിയിരിപ്പ് 35,19,956/-രൂപയുമാണ്. ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

എ)മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കാണാതെ ബജറ്റ് തയ്യാറാക്കി

ഏതൊരു വർഷത്തേയും ബജറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ടത് ബജറ്റ് തയ്യാറാക്കുന്ന വർഷത്തിന് മുമ്പുള്ള വർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ അടിസ്ഥാനമാക്കിയാണ്. ഇത് പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കേണ്ടത് 2017-18 വർഷത്തെ കണക്കുകളാണെന്ന് കാണാം. ബജറ്റ് പരിശോധിച്ചതിൽ 2017-18 വർഷത്തെ മുന്നിരിപ്പായി സ്വീകരിച്ചിരിക്കുന്നത് 9129480/- രൂപയാണെന്ന് കാണുന്നു. എന്നാൽ 2016-17 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ യഥാർത്ഥ നീക്കിയിരിപ്പ് (ഇതുതന്നെയാണ് 2017-18 വർഷത്തെ മുന്നിരിപ്പ്) താഴെ പറയും പ്രകാരം (-) 1633127ആണെന്ന് കാണുന്നു.

B 15+B17 = 20354656-

B2+B4+B7+B9 = 21987783

(-) 1633127

മേല്പറഞ്ഞതിൽ നിന്നും യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ല ബജറ്റ് തയ്യാറാക്കിയതെന്നും ഇത് കൊണ്ട് തന്നെ അത് വസ്തുതാപരമല്ലെന്നും കാണാം. കൂടാതെ ,ഓരോ വർഷത്തേയും ബജറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് അതാത് വർഷത്തെ ആകെ തനത് വരുമാനത്തിന്റെ 5% ഉണ്ടാകണമെന്നിരിക്കെ , മുന്നിരിപ്പ് മൈനസ് ആകാനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്.

ബി)തനത് ഫണ്ട്- ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി വകയിരുത്തലും പൊരുത്തപ്പെട്ടുന്നില്ല

മുന്നിരിപ്പ് ഉൾപ്പെടെ ഓഡിറ്റ് വർഷം ബജറ്റിൽ പ്രതീക്ഷിച്ച തനത് വരുമാനം 48276106/-രൂപയായിരുന്നു. ഇതിൽ നിന്നും അനിവാര്യ ചുമതലകൾക്കുള്ള പ്രതീക്ഷിത റവന്യൂ ചെലവായ 30148000/-രൂപയും പ്രതീക്ഷിത നീക്കിയിരിപ്പായ 3519956/-രൂപയും കഴിച്ചു കിട്ടുന്ന 14608150/-രൂപ വാർഷിക പദ്ധതി ചെലവിനായി ബജറ്റിൽ വകയിരുത്തിയതായി കാണാം. എന്നാൽ ഭരണ സമിതി അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും 16112450/- രൂപയാണ് വകയിരുത്തിയത്. ഇത് ബജറ്റ് പ്രൊവിഷനേക്കാൾ 1504300/-രൂപ കൂടുതലാണ്. അന്തിമ ചെലവ് പത്രിക പ്രകാരം വർഷാവസാനം തനത് ഫണ്ട് വകയിരുത്തൽ 31767410 കോടി രൂപയായി വർദ്ധിപ്പിച്ചെങ്കിലും 28091026/- രൂപയുടെ പ്രൊവിഷൻ മാത്രമാണ് പുതുക്കിയ ബജറ്റ് പ്രകാരമുള്ളത്.

സി) NREGS ആക്ഷൻ പ്ലാൻ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ NREGS ആക്ഷൻ പ്ലാൻ 10.12.18 തീയതിയിലെ 4(2)/18 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 11.07കോടി രൂപയുടെ പ്ലാനാണ് അംഗീകരിച്ചിട്ടുള്ള ത്. ബജറ്റിനു മുമ്പേ ആക്ഷൻ പ്ലാൻ അംഗീകരിച്ചെങ്കിലും 8 കോടി രൂപ മാത്രമാണ് പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആക്ഷൻ പ്ലാൻ പൂർണ്ണമായും ബജറ്റ് ഉൾക്കൊണ്ടിട്ടില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

ഡി)സർക്കാർ ഗ്രാന്റുകൾ -അലോട്ട്മെന്റിനേക്കാൾ കുറഞ്ഞ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചു

പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അലോട്ട് ചെയ്ത

തുകയേക്കാൾ കുറഞ്ഞ തുകയാണ് സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഗ്രാന്റിനങ്ങളിലുമായി ആകെ 53883000/-രൂപയാണ് സർക്കാർ അനുവദിച്ചതെങ്കിലും ബജറ്റിൽ 52121000/-രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന ബജറ്റിന് ശേഷമാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയതെന്നിരിക്കെ, ഗ്രാന്റ് വരുമാനത്തിൽ 17.62 ലക്ഷം രൂപ കുറവായി വകയിരുത്തിയത് എന്ത് അടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല. ബജറ്റിൽ വകയിരുത്തിയ വരുമാനത്തിന് അനുസൃതമായി തന്നെയാണ് വാർഷിക പദ്ധതിയിൽ ഗ്രാന്റ് വകയിരുത്തിയിരിക്കുന്നത്.

ഇ) വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 214540050/-രൂപയാണ് . ഇതിൽ 8 കോടി രൂപ Nregs പദ്ധതി ചെലവുകൾക്കാണ് വകയിരുത്തിയത്. ഈ തുക കുറവുവരുത്തിയാൽ 134540050/-രൂപയാണ് വാർഷിക പദ്ധതി ചെലവുകൾക്ക് വകയിരുത്തിയതെന്ന് കാണാം. എന്നാൽ സ്ഥാപനത്തിന്റെ പദ്ധതി അടങ്കൽ 77144350/-രൂപയുടേത് മാത്രമായിരുന്നു. ബജറ്റിൽ വകയിരുത്തിയ അവശേഷിക്കുന്ന 5.74കോടി രൂപ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല . വർഷാവസാനം ബജറ്റ് പുതുക്കിയ പ്പോൾ പദ്ധതിക്കായുള്ള വകയിരുത്തൽ 14.55കോടി രൂപയായെങ്കിലും അന്തിമ ചെലവ് പത്രിക പ്രകാരം പദ്ധതി വകയിരുത്തൽ 22.4 കോടിയായി മാറിയിട്ടുണ്ട്. വർഷാവസാനത്തിൽ 7.85കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നല്കിയത് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് ഇത് വ്യക്തമാക്കുന്നു.

എഫ് ) റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജി. ഒ (ആർ ടി) 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുക ൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു.

ജി) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു കാണാം.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷത്തിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 04.08.2020 | | |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.Advance To Beneficiary Committee-convenor എന്ന ശീർഷകത്തിൽ 436500/- രൂപ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

2.Closing Stock-Stores എന്ന ശീർഷകത്തിൽ 33750 രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-7),ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരം Rent Deposit ഇനത്തിൽ 13814331/- രൂപ നീക്കിയിരിപ്പുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ VAT ഇനത്തിൽ 212465 രൂപയും മണൽ റോയൽറ്റി ഇനത്തിൽ 43235 രൂപയും സ്ഥാപനത്തിന് ബാധ്യത ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

6.ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.

7. കുടിവെള്ളവിതരണം നടത്തിയ വകയിൽ 32604/- രൂപ ഇൻകം ടാക്സ് ഇനത്തിൽ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ടെങ്കിലും തുക അടവാക്കിയിട്ടില്ല.

9.വിവിധ ഇനങ്ങളിൽ പേയ്മെന്റ് നടത്തിയ തീയതിയിൽ വൌച്ചറുകൾ ക്രിയേറ്റ് ചെയ്യപ്പെടുന്നില്ല.

ഉദാ-സെൽഫ് ചെക്ക് മുഖേന 01.04.2019 ന് പേയ്മെന്റ് നടത്തിയ 651286/- രൂപയ്ക്ക് വൗച്ചർ നം-21900023,2190024,21900025 തീയതി-11.05.2019 പ്രകാരമാണ് സാംഖ്യയിൽ എൻട്രി വരുത്തിയിരിക്കുന്നത്. ചെക്ക് നം-53562/11.04.2019 പ്രകാരം ഗ്ലോബൽ ഓഫ് സെറ്റ് പ്രിന്റേഴ്സിന് 156575/- രൂപ വൗച്ചർ നം - 21800801/31.10.2019 പ്രകാരമാണ് സാംഖ്യയിൽ എൻട്രി വരുത്തിയിരിക്കുന്നത്.

പേരാമ്പ്ര റീജ്യണൽ കോ-ഓപ്പറേറ്റീവ് ബേങ്കിലെ (അക്കൗണ്ട് നം-4167 ) 2019 ഏപ്രിൽ മാസത്തിൽ വിവിധ ചെക്കുകൾ മുഖേന 1297197/- രൂപ പേയ്മെന്റ് നടത്തിയത് വൌച്ചറുകൾ ക്രിയേറ്റ് ചെയ്യാതെ Directly Debited By Bank എന്ന് രേഖപ്പെടുത്തി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

10.കച്ചവടക്കാരുടെ തൊഴിൽനികുതി ഇനത്തിൽ 21250/- രൂപയും കെട്ടിട വാടക ഇനത്തിൽ (ഹെഡ് കോഡ് നം-431400102) 164956/- രൂപയും കുടിശ്ശികയുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുടിശ്ശിക സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

11. 2019-20 വർഷത്തിലേയ്ക്ക് ലേലം ഇനത്തിൽ വരവ് വന്ന അഡ്വാൻസ് തുക 2018-19 വാർഷിക കണക്കിൽ ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് (ഹെഡ് കോഡ്-340100103). ഇത്തരത്തിൽ 318333/-രൂപ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടേണ്ട തുക ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റിലാണ് വരവ് വെച്ചിരിക്കുന്നത്.

12. ഓഡിറ്റ് റിക്കവറി ഇനത്തിൽ 64481/- രൂപ വരവുണ്ട്.എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

13.ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലോൺ തിരിച്ചടവിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

14.കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന്റെ ഡിമാന്റ് തുക 3920188 രൂപയാണ് കരാറുകാരന് ആദായനികുതി ഉൾപ്പെടെ 3260467 രൂപയാണ് നൽകിയിട്ടുള്ളത്. 659721 രൂപ കരാറുകാരന് നൽകാൻ അവശേഷിക്കുന്നുണ്ട്. മേൽ തുകക്ക് വാർഷികകണക്കിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23325249 |
| വരവ് | 134943862 |
| ആകെ | 158269111 |
| ചെലവ് | 142920920 |
| നീക്കിയിരിപ്പ് | 15348191 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14530558 | 14530558 | 12753275 | 1777283 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9934059 | 9934059 | 6527503 | 3406556 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 261000 | 261000 | 129000 | 132000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8583000 | 8583000 | 5007829 | 3575171 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4946000 | 4946000 | 2838553 | 2107447 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 12915184 | 12915184 | 5910537 | 7004647 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | |
| സാക്ഷരത | | 0 | 0 | 0 | 0 | |
| ദുരിതാശ്വാസനിധി | | 18355 | 40659 | 59014 | 0 | 59014 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 78061791 | 78061791 | 78061791 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 384305 | 2259384 | 2643689 | 1765103 | 878586 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.സി.ഡി.എസ് | | 193414 | 1496701 | 1690115 | 1304189 | 385926 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | | 2498447 | 0 | 2498447 | 1105662 | 1392785 |
| എം.പി ഫണ്ട് | | 3192 | 3282891 | 3286083 | 3144231 | 141852 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ലൈഫ് സംസ്ഥാന വിഹിതം | | 155500 | 9271341 | 9426841 | 8160000 | 1266841 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 25000 | 0 | 25000 | 0 | 25000 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

2)I.K.M.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം C.S.S. ഇനത്തിലും, S.S.S. ഇനത്തിലും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S. ഇനത്തിൽ പൂരക പോഷകാഹാരപദ്ധതിക്ക് 1496701 രൂപ തൻവർഷം വരവു വന്നിട്ടുണ്ട്. അതേപോലെ S.S.S ഇനത്തിൽ ലൈഫ് ഭവനപദ്ധതിക്ക് 9271341 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ ഇനങ്ങളിലുള്ള അലോക്കേഷൻ തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിലുള്ളതും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-5 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തിലും ഓഡിറ്റ് തീയതിയിലും സ്ഥാപനത്തിന്റെ തനത്ഫണ്ട് കമ്മിയിലാണ്. 31.01.2022ന് സ്ഥാപനത്തിന്റെ തനത്ഫണ്ട് 5.6 കോടി രൂപ കമ്മിയിലാണ്. ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത്ഫണ്ട് വകയിരുത്തിയത് സ്ഥാപനത്തിന്റെ കെടുകാര്യസ്ഥതയാണ്. യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയത്. വാർഷിക അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല. വിവിധ ഇനങ്ങളിൽ പേമെന്റ് നടത്തിയ തീയതികളിൽ വൗച്ചറുകൾ ക്രിയേറ്റ് ചെയ്യപ്പെടുന്നില്ല. അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ യഥാസമയം നടപ്പിലാക്കാത്തതിനാൽ 1.43 കോടി രൂപ തൻവർഷം നഷ്ടപ്പെട്ടിട്ടുണ്ട്. കൃഷി ഓഫീസർ തൻവർഷം 1പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വികസന സെമിനാറിൽ അവതരിപ്പിക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കേസുകൾ കാണുന്നു. സ്റ്റാറ്റസ് റിപ്പോർട്ടിൽ അടിസ്ഥാന വിവരങ്ങൾ ഇല്ല. പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ അടിസ്ഥാന വിവരങ്ങൾ ഇല്ല. പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല. റോഡ് മെയിന്റനൻസ് പ്ലാനില്ല. മുൻ വർഷങ്ങളി ലെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാഡയറി സമർപ്പിക്കാതെ യാത്രാബത്ത അനുവദിക്കുന്നു. ലോഗ്ബുക്കിലെ തിരുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

1-6 പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 221 | 224005774 | | 85304650 |

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) ഗ്രാന്റ് വിനിയോഗം കുറഞ്ഞു - 1.43 കോടി രൂപ നഷ്ടപ്പെട്ടു

പ്രൊജക്ടുകൾക്കായുള്ള 22.4 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 8.53കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. പ്രധാന സർക്കാർ ഗ്രാന്റിനങ്ങളിലെല്ലാം ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|

| | | | |
|---|---|---|---|
| പ്ലാൻ ജനറൽ | 16894000 | 15934075 | 959925 |
| Scp | 10287000 | 6880444 | 3406556 |
| Tsp | 261000 | 129000 | 132000 |
| Cfc | 12912000 | 5910537 | 7001463 |
| മെയിന്റനൻസ് റോഡിതരം | 4946000 | 2838553 | 2107447 |
| മെയിന്റനൻസ് റോഡ് | 8583000 | 4403655 | 4179345 |
| ആകെ | 53883000 | 36096264 | 17786736 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 17786736 കോടി രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇത്രയും നഷ്ടം വന്നിട്ടില്ല. 2018-19 വർഷത്തിൽ ക്യൂ ബിൽ ആയ 50000/- രൂപയുടെ ബാധ്യത ഓഡിറ്റ് വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് വഹിച്ചത്. ഇത് പരിഗണിക്കുമ്പോൾ നഷ്ടം 17836736/-രൂപയാണെന്ന് കാണാം. എന്നാൽ ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച് ക്യൂ ബിൽ ആയ 3487048/-രൂപയുടെ ചെലവ് 2020-21 വർഷത്തിൽ നല്കിയിട്ടുണ്ട്. ഇത് ഓഡിറ്റ് വർഷത്തെ ചെലവായി പരിഗണിക്കുമ്പോൾ യഥാർത്ഥ നഷ്ടം 14349688/- രൂപയാണ്.

കേന്ദ്ര,സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മറ്റുള്ളവ എന്നീ ഹെഡ്ഡുകളിൽ വകയിരുത്തലിനെ അപേക്ഷിച്ച് ചെലവ് വളരെ കുറഞ്ഞതും മൊത്തം ചെലവ് ശതമാനം കുറയാൻ കാരണമായിട്ടുണ്ട്.

ബി) ചെലവ് കുറഞ്ഞതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പങ്ക്

മേല്പറഞ്ഞ പ്രകാരം വലിയ തുക ഗ്രാന്റിനങ്ങളിൽ നഷ്ടപ്പെട്ടതിന് വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് താഴെ പറയുന്ന വിശദാംശങ്ങൾ വ്യക്തമാക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ആകെ പ്രൊജക്ടുകൾ | നിർവ്വഹിച്ച പ്രൊജക്ടുകൾ |
|---|---|---|---|---|---|
| 1 | കൃഷി | 3531266 | 548866 | 6 | 1 |
| 2 | ഹെഡ് മാസ്റ്റർ | 2360000 | 565000 | 11 | 4 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 100335002 | 25207176 | 123 | 61 |
| 4 | വെറ്ററിനറി സർജൻ | 3050000 | 1001749 | 2 | 2 |
| 5 | ഡയറി ഫാം ഇൻസ്പെക്ടർ | 6697285 | 1717032 | 6 | 6 |

ആസൂത്രണം നടത്തി അംഗീകാരം വാങ്ങിയ പദ്ധതികൾ നിർവ്വഹിക്കാത്തതും, നിർവ്വഹിച്ച പദ്ധതികളുടെ കാര്യത്തിൽ വകയിരുത്തിയ തുക പരമാവധി വിനിയോഗിക്കാ ത്തതുമാണ് വലിയ

തോതിൽ ഗ്രാന്റ് നഷ്ടപ്പെടാൻ കാരണമെന്ന് കാണാവുന്നതാണ്. പ്രവർത്തനരാഹിത്യം മൂലം ഗ്രാമപ്രദേശത്തെ ആളുകൾക്ക് ഗുണപ്രദമായി ഉപയോഗിക്കേ ണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തിയതിന് മേൽ നിർവ്വഹണ ഉദ്യോഗസ്ഥർ കാരണക്കാരായിട്ടുണ്ടെന്ന് വസ്തുതകൾ വ്യക്തമാക്കുന്നു.(അപാകതകൾ പ്രത്യേക എൻക്വയറികളിൽ പരാമർശിച്ചത് കാണുക)

സി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്റ്റ് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രൊജക്റ്റ് നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പ്ുകൾ വികസനസെമിനാറിൽ അവതരിപ്പി ക്കണം. വികസനസെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രൊജക്റ്റ് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രൊജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെടുകിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെ ന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ, എല്ലാ പ്രൊജക്ടുകളും വികസനസെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു. പശ്ചാത്തല മേഖലയിലെ റോഡ് പ്രൊജക്ടുകൾ മാത്രം പരിഗണിക്കുമ്പോൾ ആകെ 57 പ്രൊജക്റ്റ് നിർദ്ദേശങ്ങളായിരുന്ന കരട് രേഖയിൽ ഉൾപ്പെട്ടതെങ്കിലും ഇതിൽ ഉൾപ്പെട്ട 19 പ്രൊജക്ടുകൾ മാത്രമാണ് അന്തിമ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളുവെന്ന് വ്യക്തമാകുന്നു. അന്തിമ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 37 പ്രൊജക്ടുകൾ കരട് രേഖയിൽ ഉൾപ്പെടാത്തവയാണ്.

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണമാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

ഡി) സ്റ്റാറ്റസ് റിപ്പോർട്ടുകൾ അപൂർണ്ണം - പ്രൊജക്ടുകളുടെ ആവശ്യകത ,മുൻഗണന എന്നിവ നിശ്ചയിക്കപ്പെട്ടിട്ടില്ല

കൈമാറിക്കിട്ടിയ ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങളാണ് ആസൂത്രണത്തിന്റെ കാതൽ. കൃത്യതയുള്ളതും വിശദവുമായ വിവരങ്ങൾ വെളിവാക്കുന്ന വികസനാവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കപ്പെടുമ്പോൾ മാത്രമാണ് ആസൂത്രണം നടക്കുന്നത്. എന്നാൽ വിവിധ മേഖലകളിൽ സ്ഥാപനം അടിസ്ഥാന വിവരങ്ങൾ തയ്യാറാക്കാതെയാണ് പ്രൊജക്ടുകൾ തെരെഞ്ഞെടുത്തിരിക്കുന്നത്. കേവലം ഡി.പി.സി അംഗീകാരം ലഭിക്കുന്നതിന് മാത്രം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മുൻ കാലങ്ങളിൽ ആസൂത്രണം നടത്തിയ പദ്ധതികൾ വിവരിക്കുക മാത്രമാണ് ചെയ്തിരിക്കുന്ന ത്. ഓരോ മേഖലയിലും പൊതുവായി ഏതൊക്കെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടണമെന്ന് കില തയ്യാറാക്കിയ വിവിധ മേഖലകൾക്കുള്ള മാതൃകാ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ ഇത് അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഇത് കൊണ്ട് തന്നെ പ്രൊജക്റ്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

ഇ) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. മെയിന്റനൻസ് ഫണ്ട് ഉൾപ്പടെ വിവിധ ഫണ്ടുകൾ ഇതിനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്.ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത് കാണാം.

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ വീഴ്ചകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച് അതിന്റെ വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-7 മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടികൾ

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ 1996-97 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതായി കാണുന്നു. 2016-17 വർഷത്തെ റിപ്പോർട്ടിന് ഗ്രാമപഞ്ചായത്ത് പ്രഥമ മറുപടി നൽകിയിട്ടില്ല. 25 ഖണ്ഡികകൾ 2016-17 റിപ്പോർട്ടിൽ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. 2017-18,2018-19വർഷ റിപ്പോർട്ടുകൾ ക്ക് പ്രഥമ മറുപടി നൽകിയെങ്കിലും 26 ഖണ്ഡികകൾ മേൽ റിപ്പോർട്ടുകളിൽ തീർപ്പാക്കാന വശേഷിക്കുന്നുണ്ട്. റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ഭരണസമിതിയുടെ പ്രത്യേക യോഗം വിളിച്ച് ചേർത്ത് റിപ്പോർട്ട് ചർച്ച ചെയ്യണമെന്ന നിയപരമായ ബാധ്യത നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. കൂടാതെ റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ നടപടിക്ക് നേതൃത്വം നല്കേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിറവേറ്റുന്നില്ല. കാലാകാലങ്ങളിൽ ഉത്തരവാദിത്വം വഹിച്ച സെക്രട്ടറിമാർക്കും, കീഴിലുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും വീഴ്ചയ്ക്ക് പൂർണ്ണമായ ഉത്തരവാദിത്വമുണ്ട്. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ച് പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-8 ധനമാനേജ്മെന്റ് പരാജയം-തനത് ഫണ്ട് കമ്മിയിൽ

സ്ഥാപനത്തിന്റെ സാമ്പത്തിക നില ആരോഗ്യകരമല്ലെന്ന് വാർഷികകണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. 2017-18 വർഷം മുതൽ നാളിതുവരെയുള്ള ആസ്തിബാധ്യതാ വിവരങ്ങൾ ഇതിന്റെ വ്യാപ്തി വ്യക്തമാക്കുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

2017-18 വർഷം മുതൽ നാളിതുവരെയുള്ള വർഷങ്ങളിലെ ലിക്വിഡിറ്റി കൂടിയ ആസ്തി ,ബാധ്യതാ വിവരങ്ങൾ

| |
|---|
| 2017-18 |

| ബാധ്യത | | ആസ്തി | |
|---|---|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4- | 15537895 | B12 | 10000 |
| B5 | 27126843 | B14 | 79427 |
| B7 | 4925675 | B15 | 6299014 |
| B9 | 4099623 | B17 | 10629404 |
| | | B18 | 6640 |
| ആകെ | 51690036 | | 17024485 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 34665551/-രൂപ കൂടുതൽ | | | |

കുറിപ്പ്- B18 പ്രകാരമുള്ള തുക 609400/-രൂപയാണ് . ഇതിൽ തനത്ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത്

| 2018-19 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 18355 | B12 | 10000 |
| B4 | 16344746 | | |
| B7 | 12248779 | B14 | 178767 |
| B5 | 22460503 | B15 | 367734 |
| B9 | 2900352 | B17 | 23325249 |
| | | B18 | 8640 |
| ആകെ | 53972735 | ആകെ | 23890390 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 30082345/-രൂപ കൂടുതൽ | | | |

കുറിപ്പ്- 1) B5 പ്രകാരമുള്ള തുക 33959451/-രൂപയാണ്. ഇതിൽ 22460503/-രൂപ മാത്രമാണ് തനത് ആസ്തിക്ക് ലഭിച്ചതും തനത് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടതും

2) കുറിപ്പ്- B18 പ്രകാരമുള്ള തുക 1557998/-രൂപയാണ്. ഇതിൽ തനത് ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത്

| 2019-20 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 59014 | B12 | 10000 |
| B4 | 14506112 | | |
| B5 | 30240013 | B14 | 33750 |
| B7 | 17528404 | B15 | 1776667 |
| B9 | 3380485 | B17 | 15348191 |
| | | B18 | 12140 |
| ആകെ | 65714028 | | 17180748 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 48533280 /-രൂപ കൂടുതൽ | | | |

കുറിപ്പ്- 1) B5പ്രകാരമുള്ള തുക 56897072/-രൂപയാണ് .ഇതിൽ 30240013/-രൂപ മാത്രമാണ് തനത് ആസ്തിക്ക് ലഭിച്ചതും തനത് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടതും

2) കുറിപ്പ്- B18പ്രകാരമുള്ള തുക 3733242/-രൂപയാണ് .ഇതിൽ തനത് ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത്

| 2020-21 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 88812 | B12 | 10000 |

| | | | |
|---|---|---|---|
| B4 | 18330358 | | |
| B5 | 26725617 | B14 | 35890 |
| B7 | 17948522 | B15 | 1140700 |
| B9 | 3982568 | B17 | 14427299 |
| | | B18 | 14950 |
| ആകെ | 67075877 | | 15628839 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 51447038 /-രൂപ കൂടുതൽ | | | |

കുറിപ്പ്- 1) B5 പ്രകാരമുള്ള തുക 52209076/-രൂപയാണ്. ഇതിൽ 26725617/-രൂപ മാത്രമാണ് തനത് ആസ്തിക്ക് ലഭിച്ചതും തനത് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടതും

2) കുറിപ്പ്- B18 പ്രകാരമുള്ള തുക 13331301/-രൂപയാണ്. ഇതിൽ തനത് ഫണ്ടിലേക്ക് വരുന്ന തുക മാത്രമാണ് പരിഗണിച്ചത്

കഴിഞ്ഞ വർഷങ്ങളിലെല്ലാം ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ വളരെ കൂടുതലായിരുന്നെന്ന് മേൽ കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് തനത് ഫണ്ട് കമ്മിയിലാണെന്നതിന്റെ വ്യക്തമായ സൂചനയാണ് . ഇത് നിലവിലും തുടരുന്നെന്ന് 2022 ജനവരി മാസത്തെ ബാലൻസ് ഷീറ്റ് സാക്ഷ്യപ്പെടുത്തുന്നു. നിലവിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 01/2022 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 382062 | B12 | 10000 |
| B4 | 33871987 | B14 | 35890 |
| B5 | 24958527 | B15 | 4880428 |
| B7 | 18629656 | B17 | 17602868 |
| B9 | 795992 | B18 | 52950 |
| ആകെ | 78638224 | | 22582136 |
| ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ 56056088 /-രൂപ കൂടുതൽ | | | |

കഴിഞ്ഞ മാസാന്ത്യമാകുമ്പോഴേക്കും സ്ഥാപനത്തിന്റെ തനത് ഫണ്ട് കമ്മി 5.6 കോടിയിലെത്തിയെന്ന് കാണാം. ഇപ്രകാരം വൻതോതിലുള്ള റവന്യൂ ധനകമ്മിയിലേക്ക് സ്ഥാപനത്തെ നയിച്ചത് താഴെ പറയുന്ന കാരണങ്ങളാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

100% ബാധ്യതയിൽ നിർമ്മിച്ച കാർഷിക വിപണനകേന്ദ്രം പ്രവർത്തന സജ്ജമായില്ല – വൻനിക്ഷേപം നടത്തിയിട്ടും കെട്ടിടത്തിൽ നിന്നും വരുമാനമില്ല

2012-13 വർഷം മുതൽ വികസന ലക്ഷ്യത്തിൽ ഉൾപ്പെട്ടതും 2015-16 മുതൽ പ്രൊജക്ട് തയ്യാറാക്കി നിർമ്മാണമാരംഭിച്ചതുമായ , 11.5കോടി രൂപ അടങ്കലുള്ള കാർഷിക വിപണന കേന്ദ്രം നാളിതുവരെ 9.77കോടി രൂപ മുതൽമുടക്കിയിട്ടും പൂർത്തികരിച്ചിട്ടില്ല. കെ.യു.ആർ.ഡി എഫ്.സിയിൽ നിന്നും ലഭിച്ച 5 കോടിയുടെ ലോൺതുകയും (ഇതിൽ 49478364/-രൂപ നാളിതുവരെ ലഭിച്ചു) ബാക്കി തുക തനത് ഫണ്ടിൽ നിന്നും നിന്നും കണ്ടെത്തിയാണ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. മേൽ നിക്ഷേപം കൂടാതെ മുതലും പലിശയും സഹിതം ലോൺ തിരിച്ചടവിനായി പ്രതിവർഷം ശരാശരി ഒരു കോടിയോളം രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച് വരുന്നതുമാണ് തനത് ഫണ്ട് കമ്മിയാകാൻ പ്രധാന കാരണമായത്. എന്നാൽ 20-21 വർഷം മുതൽ വളരെ പരിമിതമായ വരുമാനം മാത്രമാണ് മേൽ പദ്ധതി പ്രകാരമുള്ള ആസ്തിയിൽ നിന്നും ലഭിച്ചിട്ടുള്ളൂ. പ്രൊജക്ട് പൂർത്തീകരണം നീണ്ടു പോകുന്നതിന് അനുസൃതമായി സാമ്പത്തിക ബാധ്യത കൂടി വരുമെന്ന വസ്തുതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സാമ്പത്തിക നില പരിഗണിക്കാതെ പദ്ധതികൾക്ക് തുക വകയിരുത്തി

നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കുള്ള മറ്റൊരു പ്രധാന കാരണം ധനമാനേജ് മെന്റിലെ കെടുകാര്യസ്ഥതയാണ്. വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാനുള്ള വിദൂരസാധ്യതപോലും നിലവിലില്ലെന്ന് മേൽ ബാലൻസ് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തിയിരുന്നു. എന്നാൽ ഈ ധനസ്ഥിതി പരിഗണിക്കാതെ മേൽ വർഷങ്ങളിലെല്ലാം താഴെ പറയും പ്രകാരം തനത് ഫണ്ട് വകയിരുത്തി തുക വിനിയോഗിച്ചു.ഇത് ഓരോ വർഷം കഴിയുന്തോറും സ്ഥാപനത്തിന്റെ ധനസ്ഥിതി കൂടുതൽ മോശാവസ്ഥയിലെത്തിച്ചു.

| വർഷം | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| | ലോൺ തിരിച്ചടവിന് | മറ്റുള്ള പ്രൊജക്ടുകൾക്ക | ആകെ | ലോൺ തിരിച്ചടവിന് | മറ്റുള്ള പ്രൊജക്ടുകൾക്ക് |
| 2017-18 | 8500000 | 17277117 | 25777117 | 7916700 | 7969963 |
| 2018-19 | 8000000 | 16870346 | 24870346 | 7459988 | 7336839 |
| 2019-20 | 8000000 | 23767410 | 31767410 | 8528113 | 14221013 |
| 2020-21 | 13500000 | 3204181 | 16704181 | 10029544 | 1182517 |
| 2021-22 | 1500000 | 189506 | 1689506 | 6845940 | 167327 |

ലോൺ ബാധ്യത തീർക്കാൻ തുക വകയിരുത്തിയത് ന്യായീകരിക്കാമെങ്കിലും പുതിയ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തിയത് അംഗീകരിക്കാവുന്നതല്ല. ആദ്യ വർഷങ്ങളിൽ യഥാക്രമം 1.72കോടി, 1.68കോടി, 2.37കോടി എന്നീ ക്രമത്തിൽ തുക വകയിരുത്തിയതും അതിൽ നിന്നും ഭീമമായ തുകകൾ വിനിയോഗിച്ചതും കോടികൾ കമ്മിയായ തനത് ഫണ്ടിൽ നിന്നാണെന്ന കാര്യം പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

തനത് ഫണ്ട് കമ്മിയായിരിക്കെ പുതിയ പ്രൊജക്റ്റുകൾക്ക് ഇപ്രകാരം തുക വകയിരുത്തിയതെന്തുകൊണ്ടെന്ന് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിൽ ഭരണസമിതി പ്രത്യേകിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൂർണ്ണമായി പരാജയപ്പെട്ടു. കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ ഉപദേശവും ഇടപെടലും നടത്തേണ്ട സെക്രട്ടറി ഉത്തരവാദിത്വം കാണിച്ചില്ലെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

ഇക്കാര്യങ്ങളിലുള്ള സ്ഥാപനത്തിന്റെ അഭിപ്രായം അടിയന്തിരമായി അറിയിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് സ്ഥാപനത്തെ കൊണ്ടെത്തിച്ചതിന് വിശദീകരണം നല്കേണ്ടതും, പ്രതിസന്ധി മറികടക്കാൻ സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിന് വിശദീകരിക്കേണ്ടതുമാണ്.

## 1-9 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2020 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 4675 (239 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 1392 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(1995 കെട്ടിടങ്ങളിൽ). ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 4675 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 1995 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീ ഇനത്തിലുള്ള വരവ് , ലൈസൻസുകളുടെ എണ്ണം എന്നിവ 2018-19 വർഷത്തെ അപേക്ഷിച്ച് കുറവ് വന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | അനുവദിച്ച ലൈസൻസുകളുടെ എണ്ണം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 2016-17 | 1272 | 783300 |
| 2 | 2017-18 | 1369 | 789900 |
| 3 | 2018-19 | 1450 | 955300 |
| 4 | 2019-20 | 1392 | 937700 |

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം വ്യക്തമാണ്.കൂടാതെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും ചെയ്തിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.06.2019 തീയതിയിലെ 8/2019 തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ, ഫീൽഡ് ജീവനക്കാർ എന്നിവർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചുവെങ്കിലും ഇതുമായി ബന്ധപ്പെട്ട നടപടികൾ യാതൊന്നും തന്നെ ഉണ്ടായിട്ടില്ല.

അപാകത പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

1-10 റോഡ് കട്ടിംഗ് പുനസ്ഥാപന- ഫീ ഈടാക്കിയതിൽ കുറവ്.

ഗ്രാമപഞ്ചായത്തിൽ റോഡ് കട്ടിംഗ് പുനസ്ഥാപന ഫീ ഇനത്തിൽ 230695/-രൂപ വരവുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി അനുമതിക്ക് അപേക്ഷിച്ച ഫയലുകൾ പരിശോധിച്ചതിൽ റോഡ് കട്ടിംഗ് പുന:സ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് കണക്കാക്കിയതിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നം. | 1)എ4/6451/2019 തീ.20.08.2019<br>ശ്രീ.എ.വി കൃഷ്ണൻ<br>2)എ4/6480/2019 തീ.20.08.2019<br>ശ്രീ.ബാബു കുനേരിക്കുന്നുമ്മൽ |
| റോഡുകളുടെ വിശദാംശം. | 1. ഞാണിയത്ത് തെരു റോഡ് |
| അനുമതിയുടെ വിശദാംശം | 1. ഞാണിയത്ത് തെരു റോഡ്(3.3 മീറ്റർ നീളം, .5 മീറ്റർ വീതി)<br>പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.08.2019ലെ എ4-6451/19 നടപടിക്രമം<br>2.ഞാണിയത്ത് തെരു റോഡ്(3.6 മീറ്റർ നീളം, .5 മീറ്റർ വീതി)<br>എ4/6480/2019 തീ.20.08.2019 നടപടിക്രമം |

| തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം | | | |
|---|---|---|---|
| ഇനം | അളവ് | നിരക്ക് | തുക |
| Restoration For 20mm Chipping Carpet Road Cutting | 3.3*.50 = 1.65 ച.മീ ആകെ =1.65 ച.മീ | 3129.12@/ച.മീ | 5163.04 |
| Restoration For 20mm Chipping Carpet Road Cutting | 3.6*.50 = 1.80 ച.മീ ആകെ =1.80 ച.മീ | 3129.12@/ച.മീ | 5632.42 |
| ആകെ | | | 10795.4 |

G.O(rt).30/2018/PWD തി. 05.01.2018 നമ്പർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി പുറപ്പെടുവിച്ച പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) ചീഫ് എഞ്ചിനീയറുടെ 30.03.2019 തീയതിയിലെ സി.ഇ/ആർ&ബി /ജിഎൽ-ആർസി/2/2019 നമ്പർ സർക്കുലർ പ്രകാരം കുഴിയുടെ വീതി യഥാർത്ഥത്തിൽ എടുക്കുന്ന കുഴിയുടെ ഒന്നര മടങ്ങ് കണക്കാക്കിയാണ് റോഡ് പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. ടാർ ചെയ്യുന്ന ഭാഗത്തിലെടുക്കുന്ന കുഴിയുടെ വീതിക്ക് ചുരുങ്ങിയത് ഒരു മീറ്ററെങ്കിലും കണക്കാക്കി വേണം പുന സ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്നും സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി 0.5 മീറ്റർ വീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന പുനസ്ഥാപിക്കൽ ചാർജ്ജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് | | | |
|---|---|---|---|
| ഇനം | അളവ് | നിരക്ക് | തുക |
| Restoration For 20mm Chipping Carpet Road Cutting | 3.3*1 = 3.3ച.മീ | 3129.12@/ച.മീ | 10326 |
| Restoration For 20mm Chipping Carpet Road Cutting | 3.6*1 = 3.6 ച.മീ | 3129.12@/ച.മീ | 11264 |

| ആകെ | 21590/- |
|---|---|
| ഈടാക്കിയതുക-10797/-രൂപ(രസീത്.നം:1190501-04797 /14.10.2019,1190501-04761/11.10.2019) ഈടാക്കേണ്ടിയിരുന്നത്=21590/-രൂപ, കുറവ് വന്നത്- 10793/-രൂപ | |

മേൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും റോഡ് പുനസ്ഥാപിക്കൽ ഫീ ഈടാക്കിയതിൽ ആകെ 10793/- രൂപ കുറവ് വന്നിട്ടുണ്ട്. മേൽ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി അപാകതകൾ

I) രജിസ്റ്ററുകൾ പൂർണ്ണമല്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് അന്വേഷണം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടിയിരു ന്ന എങ്കിലും 2019-20 ൽ അനുവദിച്ച ലൈസൻസ് ഫയലുകളിൽ നിന്നും വിവരങ്ങൾ എടുത്തു ചേർത്ത് വാർഡ് അടിസ്ഥാനത്തിൽ ക്രമീകരിച്ചാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2)അർദ്ധവാർഷിക വരുമാന പത്രികകളിൽ മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ ചേർക്കാതെ സ്ഥാപനമേധാവികൾ തൊഴിൽ നികുതി റിട്ടേൺ ഗ്രാമപഞ്ചായത്തിൽ ഫയൽ ചെയ്യുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ

നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) കേരള ഗ്രാമീൺ ബാങ്ക് (ഫീൽഡ് കളക്ഷൻ എക്സിക്യൂട്ടീവുമാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല)

2) പേരാമ്പ്ര റീജ്യണൽ കോ-ഓപ്പറേറ്റീവ് ബേങ്കിലെ കളക്ഷൻ ഏജന്റുമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അത് പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

3)വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചേർക്കുന്ന ചുവടെ ചേർത്തിട്ടുള്ള വിവിധ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇല്ല്യാസ് ടി.എൻ

ഹൈ ആർക്ക് ബിൽഡേഴ്സ്

2) മണി.പി.സി

മോട്ടി എഞ്ചിനിയേസ്

3) ജിജീഷ്. സി.സി

സീ.സീ.ബിൽഡേഴ്സ്

4) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) സുരേന്ദ്രൻ.പി.കെ

2) ബാബു.കെ.പി

3) രാജീവൻ.കെ.പി

5)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 4675 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 239 വാണിജ്യ കെട്ടിടത്തിന് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 4436 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 1392 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 1995 ആണ്. അവശേഷിക്കുന്ന 2441 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനു ള്ള സാധ്യത നിലനില്ക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

6.എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്/കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്ത ചുവടെ ചേർത്തിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ

1) കോട്ടൂർ അബ്ദുറഹിമാൻ

2) എം.എം. ബാലകൃഷ്ണൻ

3) ശങ്കരൻ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19-20 /21.2.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും/ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

1-12 ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല.

ഇ-ടെണ്ടർ ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി കരാറുകാർ അടവാക്കുന്ന തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽപ്പെടുന്നതാണ്. 2019-20 വർഷം താഴെപറയും പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ഇ-ടെണ്ടറിൽ പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| 38 | തരിപ്പമല കോളനിറോഡ് | 800000 | 4 |
| 89 | ശിശുമന്ദിരം റോഡ് നവീകരണം | 550000 | 3 |
| 96 | വി.എം ചാത്തോത്ത് റോഡ് | 1000000 | 3 |
| 98 | കുരിയാടിതാഴെ പേരാമ്പ്ര ഹൈസ്കൂൾ റോഡ് | 300000 | 2 |
| 100 | ഒന്നാംമൈൽ നെല്ലിപൊയിൽതാഴെ റോഡ് | 300000 | 3 |
| 134 | വെള്ളിയോട് | 634000 | 2 |

| | | | |
|---|---|---|---|
| | കണ്ടിമമ്മിളിതാഴെ റോഡ് | | |
| 231 | അമയങ്ങലത്ത്കണ്ടി പാടിക്കുന്ന് റോഡ്. | 500000 | 3 |
| 50 | പൈതുമ്പമല കുടിവെള്ളപദ്ധതി പൂർത്തീകരണം | 600000 | 2 |
| 141 | ലക്ഷംവീട് വെളിച്ചകുളങ്ങരറോഡ് | 450000 | 2 |
| 74 | മരുതേരി ഇ.എം.എസ് സാംസ്കാരികനിലയം നവീകരണം | 300000 | 2 |
| 79 | ഉണ്ണിക്കുന്ന് കുടിവെള്ള പദ്ധതി | 461000 | 2 |
| 144 | മരുതോറച്ചാൽ റോഡ് | 450000 | 3 |
| 146 | പഞ്ചാത്ത് ഓഫീസ് നവീകരണം | 1400000 | 2 |

മേൽ പദ്ധതികളുടെ ടെണ്ടർഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരുടെ ടെണ്ടർ ഫീ അടവാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കേണ്ടതുമാ ണ്. മുൻവർഷങ്ങളിലേതടക്കം ഉള്ള ടെണ്ടർഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെ.പി.ബി.ആർ പൊതു അപാകതകൾ

മുൻകാല ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടെ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് സ്ഥാപനം നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകതകൾ 2019-20 വർഷത്തിലും ആവർത്തിച്ചതായി കാണുന്നു. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പൊതു അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നതായി കാണുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 220 ബി യിൽ നിഷ്കർഷിക്കും വിധമുള്ള ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് റോഡുകൾ വിജ്ഞാപനം ചെയ്തിട്ടില്ല.
2. അനധികൃതമായ കെട്ടിടനിർമ്മാണം തടയുന്നതിന് സഹായകമാവുന്ന വിധത്തിൽ ഫീൽഡ് തല

ജീവനക്കാരുടെ ചുമതല ക്രമീകരിക്കപ്പെട്ടിട്ടില്ല.

3. കെ.പി.ബി.ആർ രജിസ്റ്ററിലെ കോളങ്ങളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഫയലിലെ രേഖകളുടെ പുറത്താണ് നോട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. കുറിപ്പെഴുതുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക , തീയതി എന്നിവ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഭൂരിഭാഗം അപേക്ഷകളിലും വിശദമായ റിപ്പോർട്ടിന് പകരം നിർമ്മാണം കെ.പി.ബി.ആർ പാലിക്കുന്നുണ്ടെന്ന ഒരൊറ്റ വരി റിപ്പോർട്ടാണ് സാങ്കേതിക വിഭാഗം തയ്യാറാക്കുന്നത്.

4. ഗ്രാമപഞ്ചായത്തിൽ ലഭ്യമാവുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. മുൻഗണനാ ക്രമം മറികടന്ന് കൊണ്ട് അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. അപേക്ഷകൾ സമർപ്പിക്കപ്പെട്ട തീയതിയുടെ മുൻഗണനാ ക്രമത്തിൽ തീർപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച ഫയലുകളിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ 5 മാസം വരെ കാലതാമസമുണ്ടായിട്ടുണ്ട്. ഉദാ- A2/3804/19 നമ്പറായുള്ള മുകുന്ദൻ എന്നവരുടെ അപേക്ഷ 14.05.2019 തീയതിയിൽ അന്വേഷണ റിപ്പോർട്ടിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയെങ്കിലും ഫയലിൽ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറിക്ക് തിരികെ ലഭ്യമാക്കിയത് 11.10.2019 തീയതിയിലാണ്. ഭൂരിഭാഗം ഫയലുകളിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സാങ്കേതിക വിഭാഗം കാലതാമസം വരുത്തുന്നുണ്ട്. ഇക്കാരണത്താൽ തന്നെ നിശ്ചിത സമയപരിധിക്കകം ഒരു അപേക്ഷ പോലും സമയബന്ധിതമായി സ്ഥാപനത്തിന് തീർപ്പാക്കാനായില്ല. ഒരേ തീയതിയിൽ ലഭിക്കുന്ന അപേക്ഷകളിൽ പോലും വ്യത്യസ്ത തീയതികളിലായാണ് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നത്. അപേക്ഷയുടെ മുൻഗണനാക്രമം പാലിക്കാതെയാണ് സൈറ്റ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത്. മുൻഗണനാക്രമം പാലിക്കാതെ ഫയലുകളിൽ നടപടിയെടുക്കുന്ന പ്രവണത അഴിമതി, സ്വജനപക്ഷപാതം എന്നിവയ്ക്ക് കാരണമായി തീരുന്നതാണ്.

5. 02.12.2015 തീയതിയിലെ നം.12900/ആർ.എ1/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

6. മൂന്ന് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ചുമതല നിർവ്വഹിക്കുന്നതിന് സ്ഥാപനം ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7. കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഉടമകളുടെ മേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8. 2019 ലെ കെ.പി.ബി.ആർ ചട്ടം 21 പ്രകാരം വ്യവസ്ഥ ചെയ്ത തരത്തിലുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിന് സ്ഥാപനം തയ്യാറായിട്ടില്ല.

9. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി , ഭരണസമിതി എന്നിവ ചുമതലാപരമായ ഇടപെടലുകൾ നടത്തുന്നതിലുള്ള വീഴ്ച അപാകത കൾക്ക് കാരണമായിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖകളും വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അപാകതകൾ മൂലം താഴെ പറയുന്ന വീഴ്ചകളുണ്ടായിട്ടുണ്ട്.

## 1-13-1 അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുള്ള പ്ലോട്ടിലെ നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്തില്ല,

ഫയൽ നം- എ5/545/2019-20 .തി. 25.01.20

ഉമ്മർ.സി, ദാറുന്നജ്ജം ഓർഫനേജ് കമ്മിറ്റിയുടെ വാണിജ്യാവശ്യത്തിനുള്ള 12/1150 A നമ്പർ കെട്ടിടത്തിന്റെ ഒക്യുപൻസി വ്യാവസായികാവശ്യത്തിലേക്ക് മാറ്റുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ ഒക്യുപൻസി വ്യാവസായികാവശ്യത്തിലേക്ക് മാറ്റി അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ നടപടിയിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. മേൽ പ്ലോട്ടിൽ വിനിയോഗ ഗണം മാറ്റി നൽകിയ കെട്ടിടത്തിന് പുറമെ വാണിജ്യാവശ്യത്തിനുള്ള 2 കെട്ടിടങ്ങൾ നിലവിലുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 12/1165, 12/1166 കെട്ടിട നമ്പറുകളുള്ള ഒന്നാമത്തെ കെട്ടിടത്തിന്റെ വിസ്തൃതി 636.34 ച. മീറ്ററായാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം 31 ച.മീറ്റർ മാത്രമാണ്. രണ്ടാമത്തെ കെട്ടിടത്തിന് 769 ച.മീ വിസ്തീർണ്ണമുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്ലാനിൽ കെട്ടിട നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടില്ല. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ ആധികാരികത പരിശോധിക്കാതെയാണ് അപേക്ഷയിന്മേൽ കെട്ടിടത്തിന്റെ വിനിയോഗ ഗണം മാറ്റി നൽകിയിട്ടുള്ളത്.
2. പ്ലോട്ടിലുള്ള കെട്ടിടങ്ങളുടെ വിനിയോഗ ഗണങ്ങളിൽ ഏറ്റവും നിയന്ത്രിതമായ വ്യവസ്ഥകൾ ബാധകമായിട്ടുള്ളത് വ്യാവസായിക വിനിയോഗ ഗണത്തിനാണ്. വ്യാവസായിക വിനിയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ പരമാവധി തറ വിസ്തീർണ്ണാനുപാതം 3 ആണ്. എന്നാൽ പ്ലോട്ടിലെ കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണാനുപാതം 3.04 ആയാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ വസ്തുത പരിശോധിക്കപ്പെട്ടിട്ടില്ല.
3. ഓവർസിയറുടെ സൈറ്റ് പരിശോധനാ റിപ്പോർട്ടിൽ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ ഉയരവും സൈറ്റിലെ അളവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കാരണത്താൽ അപേക്ഷകനോട് അപാകതകൾ പരിഹരിച്ച് പ്ലാൻ പുനസമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പുനസമർപ്പിക്കുകയും വിനിയോഗ ഗണം മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാറ്റങ്ങൾ വരുത്താതെയാണ് പ്ലാൻ പുനസമർപ്പിച്ചിട്ടുള്ളത്. ആദ്യം സമർപ്പിച്ച പ്ലാനിലെ അതേ ഉയരമാണ് പുനസമർപ്പിച്ചിട്ടുള്ളത്. ഈ പ്ലാൻ അംഗീകരിച്ചാണ് കെട്ടിടത്തിന്റെ വിനിയോഗഗണം മാറ്റി നൽകിയിട്ടുള്ളത്.
4. തരം മാറ്റുന്ന കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ സ്വഭാവം അപേക്ഷകൻ വ്യക്തമാക്കിയിട്ടില്ല. പ്ലോട്ടിനോട് ചേർന്നുള്ള ജലാശയവും വിനിയോഗ ഗണം മാറ്റി നൽകിയ കെട്ടിടവും തമ്മിൽ ശരാശരി 2 മീറ്റർ അകലം മാത്രമാണുള്ളത്. കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ വിശദാംശങ്ങൾ അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാരണത്താൽ കെട്ടിടത്തിന്റെ വിനിയോഗ ഗണം ജി1, ജി2 എന്നിവയിൽ ഏതാണെന്നത് വ്യക്തമല്ല. ജലമലിനീകരണം ഉണ്ടാക്കുന്ന തരത്തിലുള്ള വ്യവസായമല്ല ആസൂത്രണം ചെയ്യപ്പെടുന്നതെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല.

സൈറ്റിലുള്ള മറ്റ് കെട്ടിടങ്ങളുടെ ആധികാരികത പരിശോധിക്കാതെയാണ് ഓവർസിയർ കെട്ടിടത്തിന്റെ ഒക്യുപൻസി മാറ്റി നൽകുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപേക്ഷയിന്മേൽ പുനപരിശോധന നടത്തി സൈറ്റിലുള്ള കെട്ടിടങ്ങളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13-2 ചട്ടവിരുദ്ധമായി ഭേദഗതി വരുത്തിയ കെട്ടിടം ക്രമവത്കരിച്ചു,

ഫയൽ നം- എ2-8503/18 ,എ2/9736/2018

ശ്രീ.രാജബാലൻ, വടക്കെ പറമ്പിൽ, പേരാമ്പ്ര എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ നടത്തിയ വ്യതിയാന നിർമ്മാണം ക്രമവത്കരിക്കുന്നതിനാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. മേൽ

ഫയലുകളിലെ അപാകത 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-16 മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള 14/1377,1378,1380,1380A,1380 B നമ്പറുകളുള്ള കെട്ടിടത്തിന് മാറ്റം വരുത്തുന്നതിന് വേണ്ടി 10.10.18 തീയതിയിൽ എ2-8503/18 നമ്പറായി സമർപ്പിച്ച അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 804.01 ചതുരശ്ര മീറ്ററാണ്. അപേക്ഷയിൽ സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ ' കെട്ടിടത്തിന്റെ രണ്ടാംനിലയിലും മൂന്നാം നിലയിലും അധികരിച്ച നിർമ്മാണ പ്രവൃത്തിക്ക് അനുസൃതമായുള്ള പാർക്കിംഗ് പ്ലാൻ ഇല്ലാത്തതിനാൽ അപേക്ഷ നിരസിക്കാവുന്നതാണ്' എന്ന് ശുപാർശ ചെയ്യുകയും സെക്രട്ടറി ശുപാർശ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

04.12.18 ൽ അപേക്ഷകൻ 9736/18 നമ്പറായി അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മൂന്നാം നില രേഖപ്പെടുത്തിയിട്ടില്ല. ആകെ തറവിസ്തീർണ്ണം 700.55 ച.മീ ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷയിന്മേൽ ബേസ്മെന്റ് ഫ്ലോറിൽ പാർട്ടീഷൻ അനുവദിച്ച് നമ്പർ നൽകിയിട്ടുണ്ട്. 2 പ്ലാനുകളും തയ്യാറാക്കിയ തീയതിയായി രേഖപ്പെടുത്തിയിട്ടുള്ളത് 02.10.2018 എന്നാണ്. അപേക്ഷയോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. ചട്ടലംഘനങ്ങൾ മറികടക്കുന്നതിന് കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം, ഉയരം, തറവിസ്തീർണ്ണ അനുപാതം, കവറേജ് എന്നിവ കുറച്ച് കാണിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ എ2-8503/18 നമ്പർ അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിന് വിരുദ്ധമായി കെ.പി.ബി.ആർ പാലിക്കുന്നുണ്ടെന്ന് ഫീൽഡ് തല പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാർട്ടീഷൻ ചെയ്ത നടപടി അംഗീകരിച്ച് നമ്പർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

കെട്ടിടത്തെ സംബന്ധിച്ച 2 അപേക്ഷകളും 2 പ്രത്യേക ഫയലുകളായാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഒരു കെട്ടിടം സംബന്ധിച്ച അപേക്ഷകൾ ഒരൊറ്റ ഫയലായി കൈകാര്യം ചെയ്യണമെന്ന 02.12.2015 തീയതിയിലെ നം.12900/ആർ.എ1/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. മേൽ നടപടി ദുരൂഹമാണ്

മേൽ വസ്തുതകൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-16 മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും സെക്രട്ടറി മേൽ റിപ്പോർട്ടിന്മേൽ യാതൊരു വിധ നടപടിയും സ്വീകരിക്കുകയോ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല.

സഞ്ചയ പ്രകാരം കെട്ടിടത്തിലെ 14/1377,1378,1380,1380A,1380 B നമ്പർ മുറികളുടെ ആകെ തറവിസ്തീർണ്ണം 841.62 ച.മീ ആണ്. പ്ലാനിൽ രണ്ട് നിലകളിലെ മുറികൾക്ക് 14/1380 നമ്പറാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം 841.62 ച.മീറ്ററിൽ അധികരിക്കുമെന്നത് വ്യക്തമാണ്. 9736/18 നമ്പർ ഫയലിലെ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം പ്ലാനുകളിലെ അളവുകൾക്ക് വിരുദ്ധമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാ- കെട്ടിടത്തിലെ തറനിലയിലെ വിസ്തീർണ്ണം 128.99 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്ലാനിലെ അളവുകൾ പ്രകാരം തറനിലയുടെ വിസ്തീർണ്ണം 200 ചതുരശ്ര മീറ്ററിൽ അധികരിക്കുന്നുണ്ടെന്നത് വ്യക്തമാണ്. പ്ലാനിൽ നിന്നും കെട്ടിടത്തിന് മതിയായ പാർക്കിംഗ്, സെറ്റ്ബാക്ക് എന്നിവ ഇല്ലെന്നത് വ്യക്തമാണ്. കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാതെ ബേസ്മെന്റിലെ ഓപ്പൺ ഏരിയ റൂമാക്കി മാറ്റിയ നടപടി അംഗീകരിച്ച് നൽകുകയാണ് ഉണ്ടായിട്ടുള്ളത്.

യഥാർത്ഥ വസ്തുതകളെ മറച്ച് പിടിച്ച് അപേക്ഷകൻ സമർപ്പിച്ച പ്ലാൻ അംഗീകരിച്ച് നൽകിയതിലൂടെ എൽ.ബി.എസ്, അന്വേഷണ ഉദ്യോഗസ്ഥൻ എന്നിവർ ക്രമക്കേട് കാണിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ അവഗണിക്കുകയും ഫയലിന്മേൽ യാതൊരുവിധ തുടർ നടപടികളും സ്വീകരിക്കാതിരിക്കുകയും ചെയ്ത സെക്രട്ടറിയും ചുമതലകളിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

അന്വേഷണ ഉദ്യോഗസ്ഥൻ , സെക്രട്ടറി എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും വീഴ്ചകൾക്ക് സ്ഥാപനം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-13-3 ചട്ട വിരുദ്ധമായി വിനിയോഗ ഗണം മാറ്റി നൽകി

ഫയൽ നം- എ2-606/19 ,തി.30.01.2019

ശ്രീ.കെ.കേളപ്പൻ, പാലേരിമ്മൽ, കല്ലോട് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിൽ ഭാഗികമായി റസിഡൻഷ്യൽ വിനിയോഗം അനുവദിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷ പ്രകാരം ഒക്യുപൻസി മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വിനിയോഗ ഗണം മാറ്റി നൽകിയിട്ടുള്ളത്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കെ.പി.ബി.ആർ ചട്ടം 38 പ്രകാരം മതിയായ പാർക്കിംഗ് സൈറ്റിൽ ലഭ്യമല്ല. റോഡ് വികസനത്തിന് സ്ഥലം വിട്ടുനൽകിയതായി കുറിപ്പ് ഫയലിൽ പരാമർശമുണ്ടെങ്കിലും രേഖകൾ ഫയലിൽ ലഭ്യമല്ല. കെ.പി.ബി.ആർ ചട്ടം 81 പ്രകാരം റോഡ് വികസനത്തിന് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നപക്ഷം ചട്ടപ്രകാരം ആവശ്യമുള്ള പാർക്കിംഗിന്റെ 75% പാർക്കിംഗ് മതിയാകുന്നതാണ്. എന്നാൽ ആയതും സൈറ്റിൽ ലഭ്യമല്ല.
2. കെ.പി.ബി.ആർ 103 പ്രകാരം കെട്ടിടം റോഡിൽ നിന്നും മതിയായ അകലം പാലിക്കുന്നില്ല.
3. പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പഞ്ചായത്ത് രേഖകളിലെ വിസ്തീർണ്ണത്തിൽ അധികരിച്ച അളവിൽ സൈറ്റിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടെന്ന് പ്ലാനിൽ നിന്നും വ്യക്തമാണ്. പ്ലാനിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിട നമ്പറുകളിലും അവ്യക്തതയുണ്ട്. കെട്ടിടത്തിന്റെ തറനില അഞ്ചാം വാർഡിലും ഒന്നാംനില ഏഴാം വാർഡിലുമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ നമ്പറായി രേഖപ്പെടുത്തിയ 7653 M, N നമ്പറുകൾ പഞ്ചായത്ത് രേഖകൾ പ്രകാരം (സഞ്ചയ) നിലവിലില്ലാത്തവയാണ്. മേൽ വസ്തുത പരിശോധിക്കാതെയാണ് ഒക്യുപൻസി മാറ്റി നൽകുന്നതിന് ഓവർസിയർ ശുപാർശ ചെയ്തിട്ടുള്ളത്.
4. കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് മറ്റൊരു പ്ലോട്ടിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ നടപടി ചട്ട വിരുദ്ധമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപേക്ഷയിന്മേൽ പുന പരിശോധന നടത്തി കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം, ആധികാരികത എന്നിവ പരിശോധിക്കേണ്ടതും ഒക്യുപൻസി മാറ്റി നൽകുന്നതിന് ശുപാർശ ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടേണ്ടതുമാണ്.

1-13-4 ഫയൽ ലഭ്യമാക്കിയില്ല

പെർമിറ്റ് ഫയൽ നം- ബി.എ-621/13

ശ്രീ.റെജി.സി, സെക്രട്ടറി, ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്ററിന് 3671.83 ച.മീ വിസ്തൃതിയിൽ ഹോസ്പിറ്റൽ നിർമ്മിക്കുന്നതിന് ബി.എ-621/13 നമ്പറായി പെർമിറ്റ് അനുവദിക്കുകയും 23.02.2020 വരെ കാലാവധി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും കെട്ടിടം പൂർത്തീകരിച്ചതായും നമ്പർ നൽകുന്നതിന് ശുപാർശ ചെയ്തതായും വ്യക്തമായിട്ടുണ്ട്. ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നാലാംനിലയിൽ അധിക നിർമ്മാണം നടന്നതായും അഞ്ചാംനില നിർമ്മിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർമ്മാണ പൂർത്തീകരണ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പെർമിറ്റിൽ നിന്നും വ്യതിചലിച്ചും അധിക നിർമ്മാണം നടത്തിയുമാണ് കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളത്. കുറിപ്പ് ഫയലിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതായി

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയ പരിശോധിച്ചതിൽ നിന്നും 2019-20 വർഷത്തിൽ 12/104 A, B, C, E, F, G, H നമ്പറുകളിലായി ആകെ 2396.02 ച.മീ വിസ്തീർണ്ണത്തിന് മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളത്. കുറിപ്പ് ഫയലിൽ പെർമിറ്റിൽ അധികരിച്ച നിർമ്മാണം നടന്നതായും (3671.83 ച.മീ വിസ്തീർണ്ണത്തിൽ അധികരിച്ച നിർമ്മാണം) അഞ്ചാംനിലവരെ നിർമ്മാണം പൂർത്തിയായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം രണ്ടാം നിലവരെയുള്ള വിസ്തീർണ്ണം മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2019 -20 ഒന്നാം അർദ്ധ വർഷം മുതലാണ് നികുതി പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. വിവിധ പരാതികളുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ- പൂർത്തീകരണ അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെട്ടതിൽ രണ്ട് ഫയലുകൾ സ്ഥാപനത്തിൽ നിന്നും നഷ്ടപ്പെട്ടതായും മേൽ വിവരം പോലീസിൽ റിപ്പോർട്ട് ചെയ്തതായും സെക്ഷൻ ക്ലർക്ക് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബി.എ-621/13 നമ്പർ പെർമിറ്റ്, പൂർത്തീകരണഫയൽ പരിശോധനക്ക് ലഭ്യമാക്കുന്നതിലുള്ള വീഴ്ച ആശങ്കയുളവാക്കുന്ന താണ്. ഫയലുകളുടെ പരിപാലനം, സൂക്ഷിപ്പ് എന്നിവയിലുണ്ടാകുന്ന വീഴ്ച, പരാതികൾക്ക് ആധാരമാകുന്ന ഫയലുകൾ അപ്രത്യക്ഷമാകൽ എന്നിവ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചകൾക്ക് തെളിവാണ്.

ഫയൽ അടിയന്തിരമായി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-13-5 ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി

പെർമിറ്റ് ഫയൽ നം- ബി.എ-458/17

ശ്രീമതി. തയ്യുള്ളതിൽ, മരുതേരി എന്നവർ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ച് പ്രസ്തുത വാണിജ്യ കെട്ടിടത്തിന് 10/380 A നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചട്ടവിരുദ്ധമായാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളത് . വിശദാംശം ചുവടെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ പാർശ്വവശങ്ങളിൽ മതിയായ തുറസ്സായ സ്ഥലം ഇല്ല. രണ്ട് വശങ്ങളിലും 75 സെന്റിമീറ്ററിൽ കുറഞ്ഞ തുറസ്സായ സ്ഥലം മാത്രമെ ലഭ്യമായിട്ടുള്ളൂ. ഇത് കെ.പി.ബി.ആർ ചട്ടം 27 ന്റെ ലംഘനമാണ്. ഒരു വശത്ത് പൊതുവഴിയാണെന്നതും ശ്രദ്ധേയമാണ്.
2. കെ.പി.ബി.ആർ ചട്ടം 27 പ്രകാരം രണ്ട് കെട്ടിടങ്ങൾ തമ്മിൽ രണ്ട് മീറ്ററിൽ കുറയാത്ത അകലം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ തൊട്ടടുത്ത പ്ലോട്ടിലെ കെട്ടിടവുമായി മതിയായ അകലം പാലിക്കുന്നില്ല.
3. കെ.പി.ബി.ആർ ചട്ടം 28 പ്രകാരം ഏഴ് മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, തെരുവ്/റോഡതിരും കെട്ടിടവും തമ്മിൽ കുറഞ്ഞത് 2 മീറ്റർ അകലം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പാർശ്വവശത്തുള്ള തെരുവുമായി കെട്ടിടം മതിയായ അകലം പാലിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച നടപടി പുന:പരിശോധിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-13-6 നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല.

2019-20 വർഷത്തെ കെട്ടിട നിർമ്മാണ ക്രമവത്കരണ, പൂർത്തീകരണ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതി ന് വേണ്ടി ലഭ്യമായ അപേക്ഷകൾ വിവിധ അപാകതകൾ ചൂണ്ടിക്കാട്ടി നിരസിക്കുകയോ തുടർ നടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം, തിയ്യതി | അപേക്ഷയുടെ വിശദാംശം | കെട്ടിടത്തിന്റെ വിനിയോഗ തരം | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1 | A2/3804/20, Dt. 14.05.2019 | മുകുന്ദൻ , ജയപ്രഭ നിത്യാനന്ദ, കണ്ണൂർ | വാണിജ്യം | 992.11 ച.മീ | 21.07.20 ന് അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകി |
| 2 | A2/9191/2019, Dt. 16.09.2019 | അബ്ദുള്ള ഹാജി & അബ്ദുൾ റഷീദ് പറവർ കണ്ടി, തിരുവള്ളൂർ | സംഭരണം | 94 ച.മീ | 12.12.2019 ന് അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകി |
| 3 | A2/905/2019, Dt. 14.02.2019 | ശ്രീരാമ കുറുപ്പ് ജീവൻശ്രീ, ചാലപ്പുറം | വാണിജ്യം | 568.34 ച.മീ | 20.12.2019 ന് അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകി |
| 4 | A2/7519 /2019, Dt. 26.09.2019 | അമ്മത് കുരുടിയത്ത് മീത്തൽ കല്ലോട് | വാണിജ്യം | 218.64 | അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകി |

ക്രമവത്കരണ രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 14 അപേക്ഷകളാണ് ഇപ്രകാരം അപാകതകൾ ചൂണ്ടികാട്ടി തുടർനടപടികൾ സ്വീകരിക്കാതെ തുടരുന്നത്. 2019-20 വർഷത്തിൽ 9 അപേക്ഷകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി നിരസിച്ചിട്ടുണ്ട്. കൂടാതെ 40 അപേക്ഷകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയും തുടർ നടപടികൾ സ്വീകരിക്കാതെയും തീർപ്പാക്കാതെ തുടരുന്നുണ്ട്. നിരസിച്ച അപേക്ഷകളെ സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ കെട്ടിടങ്ങൾ ഓഡിറ്റ് തീയതിവരെയും ക്രമവത്കരിച്ചിട്ടില്ല. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. ചട്ടവിരുദ്ധമായും അശാസ്ത്രീയ മായും നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ ഉടമകൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന വസ്തുത ഫീൽഡ് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഇത്തരം

നിർമ്മാണങ്ങൾക്കെ തിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിലും നോട്ടീസ് സ്ഥിരപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലുമുണ്ടായ വീഴ്ചക്ക് സെക്രട്ടറി ഉത്തരവാദിയാണ്.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19, 20 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊണ്ട് U/A നമ്പർ നൽകി പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. മേൽ കെട്ടിടങ്ങളിന്മേൽ തീർപ്പുകൽപ്പി ക്കുന്നതിനായി അദാലത്ത് നടത്തുന്നത് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉചിതമാവും.

1-14 വസ്തുനികുതി അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ ഫയലുകൾ, വസ്തുനികുതി നിർണ്ണയ ഫയലുകൾ, സഞ്ചയ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടിട്ടുണ്ട്.

1. കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും വസ്തുനികുതി ഈടാക്കിയില്ല.

ഫയൽ നം. എ2/7336/2019., തി.25.09.2019

പ്രസിഡണ്ട്, സെക്രട്ടറി ജബൽ-അൽ-നൂർ , ഇസ്ലാമിക് കമ്മിറ്റി പേരാമ്പ്ര എന്നവരുടെ ഉടമസ്ഥതയിലുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 778.55 ച.മീ ആണ്. കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. എന്നാൽ 586.64 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമെ വസ്തുനികുതി ചുമത്തിയിട്ടുള്ളൂ. 191.91 ച.മീ വിസ്തൃതിയുള്ള ശുചിമുറികളുള്ള ഭാഗത്തിന് വസ്തുനികുതി ഈടാക്കിയിട്ടില്ല. മേൽ വീഴ്ചയിലൂടെ 633 രൂപ (3*191.91*1.1=633) പ്രതിവർഷം സ്ഥാപനത്തിന് നഷ്ടമുണ്ടാകുന്നുണ്ട്. പ്രസ്തുത നഷ്ടത്തേക്കാളുപരി കെട്ടിടത്തിന്റെ ശുചിമുറികളടക്കമുള്ള പൊതു സ്ഥലങ്ങൾ വസ്തുനികുതിക്ക് ബാധകമായ തറവിസ്തീർണ്ണത്തിന് പരിഗണിക്കാതിരിക്കുന്ന സ്ഥാപനത്തിന്റെ സമീപനം സമാനമായ മറ്റ് ഫയലുകളിലും വീഴ്ചയുണ്ടാകുന്നതിന് കാരണമായിട്ടുണ്ടാകാം. വസ്തുത പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. നിർമ്മാണം പൂർത്തിയാക്കിയ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല.

എ2/4672/2019. Dt.25.06.2019

എ.ടി.സി ഇൻഫ്രാസ്ട്രക്ചർ, കൊച്ചി എന്ന സ്ഥാപനം സമർപ്പിച്ച ക്രമവത്കരണ അപേക്ഷ പരിശോധിച്ച്

മൊബൈൽ ടവർ ക്രമവത്കരിച്ച് നൽകുന്നതിന് സാങ്കേതിക വിഭാഗം ശുപാർശ ചെയ്യുകയും ക്രമവത്കരണ ഫീ അടവാക്കുന്നതിന് സെക്രട്ടറി അപേക്ഷകന് നോട്ടീസ് അയക്കുകയും ചെയ്തിട്ടുണ്ടെങ്കിലും രണ്ട് വർഷമായിട്ടും ഫീ അടവാക്കി ടവർ നിർമ്മാണം ക്രമവത്കരിച്ചിട്ടില്ല. മേൽ ടവർ പ്രവർത്തനം ആരംഭിച്ചതാണെന്ന് സെക്ഷൻ ക്ലർക്ക് വാക്കാൽ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മേൽ വസ്തുത പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാ ണ്. നിർമ്മാണം പൂർത്തീകരിച്ച മൊബൈൽ ടവർ അനധികൃത നിർമ്മാണമായി പരിഗണിച്ച് താഴെ പറയും പ്രകാരം വസ്തുനികുതി പിഴ നിരക്കിൽ കണക്കാക്കി അപേക്ഷകനിൽ നിന്നോ, സ്ഥലം ഉടമയിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ വിസ്തീർണ്ണം -25.97

വസ്തു നികുതി നിരക്ക്-500

വാർഷിക വസ്തുനികുതി- =12985 (25.97*500)

പിഴ നിരക്കിലുള്ള വസ്തുനികുതി- 38955 (12985*3)

3. <u>ടവറിന്റെ ഭാഗങ്ങൾക്ക് വാണിജ്യ നിരക്കിൽ വസ്തുനികുതി കണക്കാക്കി.</u>

ഫയൽ നം- എ2/6975/2019, Dt. 06.09.2018

അപേക്ഷ പരിഗണിച്ച് ടവറിനും അനുബന്ധ നിർമ്മിതികൾക്കുമായി 1/458A, 458 B നമ്പറുകൾ നൽകിയിട്ടുണ്ട്. ടവറിന്റെയും അനുബന്ധ നിർമ്മിതികളുടെയും ആകെ വിസ്തീർണ്ണം 52.86 ച.മീ ആണ്. എന്നാൽ 23.7 ച.മീ നിർമ്മിതിക്ക് വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ 40 രൂപ നിരക്കിലാണ് വസ്തുനികുതി കണക്കാക്കിയിട്ടു ള്ളത്. ഇപ്രകാരം വസ്തു നികുതി കണക്കാക്കിയതിലൂടെ 10902 ((23.7*500)- (23.7*40)) നഷ്ടമുണ്ടായിട്ടുണ്ട്.

ടവർ ദ്വിതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നത് എന്ന കാരണത്താൽ വസ്തുനികുതിയിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ മൊബൈൽ ടവറുകളുടെ കാര്യത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥലം ടവറുകളുടെ പ്രസരണ ശേഷിയേയും ബിസിനസ് സാധ്യതകളെയും പ്രതികൂലമായി ബാധിക്കുന്നില്ല. ഇക്കാരണങ്ങളാൽ തന്നെ ഇത്തരത്തിൽ കിഴിവ് അനുവദിക്കുന്നത് വസ്തുനികുതി ചട്ടത്തിന്റെ ഉദ്ദേശശുദ്ധിക്ക് വിരുദ്ധമാണ്. മേൽ വസ്തുത സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട താണ്.

4.<u>ദാറുന്നജ്ജം അൺ എയിഡഡ് കോളേജ്.</u>

മേൽ പരാമർശിച്ച അപാകതകൾ പരിശോധിച്ച് വസ്തുനികുതി പുന പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 കാർഷിക വിപണനകേന്ദ്രം -നാളിതുവരെയായും കെട്ടിടം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം- 153/19-20

അടങ്കൽ =51340829 (35000-ധനകാര്യകമ്മീഷൻഗ്രാന്റ് ,

11505829-തനത്ഫണ്ട്,

39800000 - *കെയുആർഡിഎഫ് സി ലോൺ)*

ചെലവ് - 9332398 (800000-തനത് ഫണ്ട്,

8532398- *കെയുആർഡിഎഫ് സിലോൺ)*

1-09-2015 ലാണ് പദ്ധതിക്കായി അഖിൽ.പി.വി, ഫാസ്റ്റ് ലൈൻ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നതെങ്കിലും നാളിതുവരെയായും പദ്ധതി പൂർത്തീകരിച്ച് ഫൈനൽബിൽ നൽകിയിട്ടില്ല. ഓഡിറ്റ് വർഷം 6, 7, 8 പാർട്ട് ബില്ലുകളിലായി പദ്ധതിക്കായി 20163708 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരം കാർഷിക വിപണനകേന്ദ്രം പൂർത്തീകരണ പദ്ധതി പ്രകാരം ആകെ 9332398/- രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| തീയ്യതി | തുക | ചെക്ക് നം/ബാങ്ക് |
|---|---|---|

| | | |
|---|---|---|
| 15-7-19 | 1697241 | 657496/എസ്.ബി.ഐ |
| 23-7-19 | 2201585 | 2201585/ട്രഷറി ചിഎസ്ബി അക്കൗണ്ട് |
| 7-11-19 | 2500000 | 46616/റീജിണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 21-11-19 | 6900000 | 657516/എസ്.ബി.എെ |
| 9-12-19 | 242596 | 36612/റീജിണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 11-12-19 | 916087 | 903141/സിൻഡിക്കേറ്റ് ബാങ്ക്. |
| 10-1-20 | 200000 | 53094/സിൻഡിക്കേറ്റ് ബാങ്ക്. |
| 27-1-20 | 800000 | 657512/എസ്.ബി.ഐ |
| 11-2-20 | 3379751 | 657509/എസ്.ബി.ഐ |
| 25-2-20 | 1326448 | 529520/സിൻഡിക്കേറ്റ് ബാങ്ക്. |
| ആകെ | 20163708 | |

2015-16 വർഷം ആരംഭിച്ച കാർഷികവിപണനകേന്ദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷം കെട്ടിട പൂർത്തീകരണത്തിനായി താഴെപറയും പ്രകാരം സ്പിൽഓവർ പദ്ധതികൾകൂടി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും മേൽ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 217 | കാർഷിക വിപണനകേന്ദ്രത്തിൽ പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ | 1098000 |
| 2 | 219 | കാർഷികപിപണനകേന്ദ്രത്തിൽ എയർകണ്ടീഷനിംഗും ഡീസൽ ജനറേറ്ററും സ്ഥാപിക്കൽ | 4284000 |
| 3 | 220 | അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോംപ്ളക്സ് കെട്ടിടത്തിൽ പവർ വയറിംഗ് | 1210000 |

നാളിതുവരെയായും പദ്ധതിക്കായി 97668797/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല. കെട്ടിടനിർമ്മാണത്തിനായി എടുത്ത കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവ് ഇനത്തിൽ മാത്രം പഞ്ചായത്തിന് പ്രതിവർഷം ഒരു കോടിയിൽ അധികം രൂപ നിലവിൽ തിരിച്ചടവ് ഉണ്ടെന്നിരിക്കെ കൃത്യമായ ആസൂത്രണത്തിന്റെ അഭാവവും ആവശ്യകതകൾ മുൻകൂട്ടി കാണുന്നതിൽ വന്ന വീഴ്ചയുമാണ് കെട്ടിടം നാളിതുവരെയും പൂർത്തിയാക്കാൻ കഴിയാതെ സ്ഥാപനത്തിന് വൻ ബാധ്യതയായി തുടരുന്നതിന് ഇടയാക്കിയത് . മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും കെട്ടിടം പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-16 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം പത്ത് പദ്ധതികളാണ് അംഗീകാരം ലഭിച്ചത്. ഇതിൽ ഏഴ് പുതിയ പദ്ധതികളും മൂന്ന് സ്പിൽ ഓവർ പദ്ധതികളുമാണ് ഉണ്ടായിരുന്നത്. നിർവ്വഹണം ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | സഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| വിദ്യാർത്ഥികൾക്ക് പഠനമുറി 38/19-20 | 2850000 | 1028265 | 17 |
| വീട് വൈദ്യുതീകരണം (എസ്.സി) 39/19-20 | 171000 | 45000 | 5 |
| വീടുകൾക്ക് പിവിസി ടാങ്ക് നൽകൽ 40/19-20 | 250000 | 49350 | 94 |

| | | | |
|---|---|---|---|
| അഗതിആശ്രയ പദ്ധതി 41/19-20 | 200000 | 200000 | |
| പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം (എസ്.സി) 42/19-20 | 800000 | 525000 | 7 |
| യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ 108/19-20 | 100000 | ------ | |
| വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ധനസഹായം 118/19-20 | 100000 | ------- | |
| വിദ്യാർത്ഥികൾക്ക് പഠനമുറി എസ്.സി (സ്പിൽ ഓവർ) 191/19-20 | 200000 | 132460 | 2 |
| വീട്ടുകൾക്ക് പി.വി.സി വാട്ടർടാങ്ക് നൽകൽ എസ്.സി (സ്പിൽ ഓവർ) | 12825 | 12825 | 9 |
| ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ) | 100000 | --------- | |

രൂപീകരിച്ച പദ്ധതികളിൽ രണ്ട് പുതിയ പദ്ധതികളിലും ഒരു സ്പിൽ ഓവർ പദ്ധതിയിലും ചെലവില്ല. കുടുബശ്രീക്ക് വിഹിതം കൈമാറുന്നതിനായി രൂപീകരിച്ച അഗതി ആശ്രയ പദ്ധതിയിലൊഴികെയുള്ള മറ്റ് പുതിയ പദ്ധതികളെല്ലാം തന്നെ ഭാഗികമായി മാത്രമാണ് നിർവ്വഹണം ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഫഠനമുറി, വീടുകൾക്ക് പിവിസി ടാങ്ക് നൽകൽ പദ്ധതികളിൽ ബില്ലുകൾ ക്യൂബിൽ ആയതിനാൽ തുക ചെലവഴിക്കാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിലും പ്രസ്തുത ബില്ലുകൾ സാമ്പത്തികവർഷം അവസാനമാസ ങ്ങളിലാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. വീടുകൾക്ക് പിവിസി ടാങ്ക് നൽകൽ പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റ് 1-7-2019 ൽ തന്നെ ലഭ്യമായിരുന്നിട്ടും ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ കണ്ടെത്തി ടാങ്ക് വാങ്ങി ബിൽ തയ്യാറാക്കി സമർപ്പിക്കുന്നത് 20-3-2020 ൽ മാത്രമാണ്. മുൻ വർഷവും സമാനപദ്ധതി ഉണ്ടായിട്ടും പദ്ധതി നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടികളൊന്നും സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. വീട് വൈദ്യുതീകരണ പദ്ധതിക്കായുള്ള ഗുണഭോക്തൃ ലിസ്റ്റിൽ 102 പേർ ഉണ്ടായിരുന്നിട്ടും 5 പേർക്ക് മാത്രമാണ് ഓഡിറ്റ് വർഷം പദ്ധതി പൂർത്തീകരിച്ച് ധനസഹായം നൽകാൻകഴിഞ്ഞത് . ഇക്കാരണങ്ങളാൽ മേൽ പദ്ധതികൾക്കായി വകയിരുത്തിയ 4421325 രൂപയിൽ എസ്.സി.പി ഫണ്ടിൽ 1743550 മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടി തുടർവർഷം സ്പിൽ ഓവർ വിഹിതം ലഭിച്ചിട്ടുള്ളതിനാൽ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല എന്നാണ്. യുവജനങ്ങൾക്ക് വാദ്യോപകരണം, തൊഴിൽ ,വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ധനസഹായം എന്നീ പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കളെ ലഭിക്കാഞ്ഞതിനാലും, വീട് വയറിംഗ് പദ്ധതിയിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ പലരും നിലവിൽ കണക്ഷൻ ഉള്ളവർ ആയിരുന്നതിനാലുമാണ് പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാതിരുന്നത് എന്നുമാണ്. മേഖലകളെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ പദ്ധതികൾ രൂപീകരിക്കുന്നത് കാരണമാണ് പദ്ധതികൾക്ക്

ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാതെ നിർവ്വഹണ ഘട്ടത്തിൽ ഭാഗികമായോ പൂർണ്ണമായോ പ്രോജക്ടുകൾ ഉപേക്ഷിക്കാനിടയാക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണം നടക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-17 ക്ഷീരഗ്രാമം പദ്ധതി - ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.

ഓഡിറ്റ് വർഷം ഡയറിഫാം ഇൻസ്പെക്ടർ കറവപശുവിതരണം നടത്തിപ്പിനായി രണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ധനസഹായം നൽകിയവരുടെ എണ്ണം |
|---|---|---|---|
| ക്ഷീരഗ്രാമം ഡയറിയൂണിറ്റ് പ്രോജക്ട്- 32/19-20 (38-പേർക്ക്) | 2090000 (475000- വികസനഫണ്ട് 570000- ജില്ലാപഞ്ചായത്ത് വിഹിതം | 312500 (162500- വികസനഫണ്ട് 150000- ജില്ലാപഞ്ചായത്ത് വിഹിതം ) | 13 |

| | | | |
|---|---|---|---|
| | 1045000- ഗുണഭോക്തൃവിഹിതം) | | |
| ക്ഷീരഗ്രാമം കറവപശുവാങ്ങുന്ന പദ്ധതി പ്രോജക്ട്- 168/19-20 (14-പേർക്ക്) | 2475000 (385000- വികസനഫണ്ട് 2090000- ഗുണഭോതൃവിഹിതം) | 109758 (109758- വികസനഫണ്ട്) | 4 |

മേൽ പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ പ്രോജക്ട് നം-32 ൽ ആകെ 38 ഗുണഭോക്താക്കൾക്കാണ് പദ്ധതി രൂപീകരിച്ചിരുന്നത് .ഓഡിറ്റ് വർഷം 13 ഗുണഭോക്താ ക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ കറവപശുക്കളെ വാങ്ങിയതിന് ധനസഹായം നൽകിയത്. ഇതിൽതന്നെ 13 പേർക്ക് ഗ്രമപഞ്ചായത്ത് വിഹിതമായ 12500 രൂപയും, 10 പേർക്ക് ജില്ലാപഞ്ചായത്ത് വിഹിതമായ 15000/-രൂപ യുമാണ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്തൃവിഹിതമായി നേരിട്ട് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പ്രോജക്ട് എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. സ്പിൽഓവർ പദ്ധതിയായി നടപ്പാക്കിയ പ്രോജക്ട് നം -168 ൽ 14 ഗുണഭോക്താക്കൾക്കായി രൂപീകരിച്ച പദ്ധതിയിൽ 4 പേർക്കണ് തൻവർഷം ധനസഹായം നൽകിയിരിക്കുന്നത്. 3 പേർക്ക് 27500 രൂപ വീതവും ഒരാൾക്ക് 27258 രൂപയുമാണ് വിതരണം ചെയ്തത്. രൂപീകരിച്ച പദ്ധതികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിയാതെ തുടർ വർഷങ്ങളിൽ സ്പിൽഓവർ പദ്ധതികളായി തുടരുകയും മേൽ സ്പിൽ ഓവർ പദ്ധതികളും പൂർത്തീകരിക്കാൻകഴിയാതെയും, വകയിരുത്തിയ ഫണ്ട് ചെലവഴിക്കാൻ കഴിയാതെയും പദ്ധതി ഉപേക്ഷിക്കേണ്ടിയും വന്നു. ഇതിൽ നിന്നും ക്ഷീരമേഖലയിലെ യഥാർത്ഥ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലല്ല മേൽ പദ്ധതികൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-18 അടങ്കൽ ചെയ്തതിൽ അധികരിച്ച തുക ചെലവഴിച്ചു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവ് പദ്ധതി പ്രകാരം (പ്രൊ.നം- 3/2019-20) 8000000 രൂപ തനത്ഫണ്ട് വകയിരുത്തിയതിൽ 8528113 രൂപ ചെലവഴിച്ചിട്ടുണ്ട്. തനത്ഫണ്ട് വകയിരുത്തിയ പദ്ധതികളുടെ ചെലവ് തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയത് കാരണം സുലേഖ ചെലവ് പത്രികയിൽ പദ്ധതി ചെലവ് 0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 8528113 ചെലവുണ്ടായിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തത് മൂലം സുലേഖ ചെലവ് പത്രികയിൽ 0 ആയാണ് കാണുന്നത്. അടങ്കൽ ചെയ്ത തുക ചെലവഴിക്കുന്നതിന് മാത്രമേ ഭരണാനുമതി , ബജറ്റ് അനുമതി എന്നിവയുള്ളൂ എന്ന സാഹചര്യത്തിലും അധികതുക ചെലവഴിക്കപ്പെട്ടതിലൂടെ ചട്ടം, നിയമം എന്നിവയിലെ വ്യവസ്ഥകളെ ലംഘിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ സോഫ്റ്റ്വെയറുകൾ രൂപകൽപന ചെയ്യപ്പെട്ടു എന്നത് സ്ഥാപനത്തിന്റെ ഇടപാടുകളിൽ അപകട ഘടകമാകുന്നുണ്ട്. ഭരണാനുമതിയിൽ അധികരിച്ച് ചെലവഴിച്ച 528113 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 അഗതി രഹിത കേരളം പദ്ധതിക്കായി നൽകിയ തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതി ഓഡിറ്റ് വർഷം മുതൽ നടപ്പാക്കി വരുന്നുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.082019 ലെ കെഎസ്/ എൽ/513/2019 നമ്പർ ഉത്തരവ് പ്രകാരം പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ അടങ്കൽ 23781000 രൂപയാണ്. 143 ഗുണഭോക്താക്കളാണ് പദ്ധതിയിലുള്ളത്. പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാന അടിസ്ഥാന പാക്കേജുകളുടെയും അവ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പാക്കേജിലെ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയത് |
|---|---|---|
| സ്ഥലം | 2 | ഇല്ല |
| വീട് | 23 | 10 |
| വീട് റിപ്പയർ | 34 | 5 |
| കക്കൂസ് | 37 | ഇല്ല |
| കുടിവെള്ളം | 7 | ഇല്ല |

ഓരോ വർഷത്തിലും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ ആദ്യ ഗുണഭോക്താക്കളായി പരിഗണിക്കേണ്ടത് അഗതി പദ്ധതിയിലെ ഗുണഭോക്താക്കളെയാണ്. എന്നാൽ ഓഡിറ്റ് വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ശുചിത്വ കക്കൂസ് (പ്രൊജക്ട് നം.243/20. അടങ്കൽ.477400) എന്ന പദ്ധതി നടപ്പാക്കിയിട്ടില്ല. ഇത് മൂലം അഗതി ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ടിയിരുന്ന ശുചിത്വ കക്കൂസ് ആനുകൂല്യം നഷ്ടമായി. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ മറ്റൊരു പദ്ധതിയായ വീട് റിപ്പയറിലും (പ്രൊജക്ട് നം.19/20. അടങ്കൽ.1900000) അഗതി ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ല. ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ അഗതി ആശ്രയ പദ്ധതിയിലുൾപ്പെടുത്തി (പ്രൊജക്ട് നം.41/20) 200000 രൂപ സി.ഡി.എസ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിൽ 50000 രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. ബാക്കി തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

പദ്ധതിക്ക് അംഗീകാരം നൽകിയ ഉത്തരവിൽ പദ്ധതിയുടെ വിലയിരുത്തൽ സമിതി പദ്ധതി ആരംഭിക്കുന്നതിന് മുൻപായി യോഗം ചേർന്ന് പദ്ധതി അവലോകനം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലൊരു യോഗം ചേർന്നിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കണമെന്ന നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല. ഓരോ അഗതി കുടുംബത്തിനും വേണ്ടി നടപ്പാക്കുന്ന പരിചരണ സേവനങ്ങളുടെ പാക്കേജിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് വാർഡുകളിലെ അയൽക്കൂട്ടം/ എ.ഡി.എസ് തലത്തിൽ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇത് പാലിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/19-20/21.2.22) മറുപടി നൽകിയിട്ടില്ല. പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അഗതി രഹിത പദ്ധതി പാക്കേജിൽ സൂചിപ്പിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 മത്സ്യമാർക്കറ്റ് നിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പേരാമ്പ്ര മത്സ്യമാർക്കറ്റ് നവീകരണത്തിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്റ്റ് നം ,പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 162<br>മത്സ്യമാർക്കറ്റ് പ്രവൃത്തി പൂർത്തീകരണം<br>(സ്പിൽ ഓവർ) | 1010120(വികസനഫണ്ട്) | 1010120(വികസനഫണ്ട്) |
| 172<br>മാലിന്യശേഖരണസംവിധാനം<br>(സ്പിൽ ഓവർ) | 5500000<br>(800000(വികസന ഫണ്ട്)<br>2000000(സംസ്ഥാനാ വിഷ്കൃതഫണ്ട്)<br>2700000(ബ്ളോക്ക് പഞ്ചായത്ത് ഫണ്ട്)) | 2143533<br>130612-(വികസനഫണ്ട്<br>724532-സംസ്ഥാനാവിഷ്കൃതഫണ്ട്)<br>1288389-ബ്ളോക്ക് പഞ്ചായത്ത് ഫണ്ട്) |
| 157<br>മത്സ്യമാർക്കറ്റ് പ്രവൃത്തി തുക നൽകൽ | 900000 | ചെലവില്ല. |

ഓഡിറ്റ് വർഷം ആകെ പദ്ധതിക്കായി 5234652/- രൂപ പ്രവൃത്തിമൂല്യം രേഖപ്പെടുത്തി സി.സി ഫസ്റ്റ് ആന്റ് പാർട്ട് ബില്ലായി 2552343/-രൂപയും (1010120/-(ബിൽനം-2/ 8-5-19), 130612/-(ബിൽ നം-4/30-4-19),1411612 (ബ്ലോക്ക്പഞ്ചായത്ത് വിഹിതം))പ്രസ്തുത തുകയിൽ ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി നൽകിയ 1411612/-രൂപ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടില്ല). സെക്കന്റ് ആന്റ് പാർട്ട് ബില്ലായി 2682309/-രൂപയും (1288389 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 724532 സംസ്ഥാനാവിഷ്കൃത ഫണ്ട്)കരാറുകാരന് നൽകിയിട്ടുണ്ട്.

നാളിതുവരെയുള്ള പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ മത്സ്യമാർക്കറ്റിൽ നിലവിലുള്ള ബിൽഡിംഗിന്റെ ചില ഭാഗങ്ങൾ പൊളിച്ചുമാറ്റേണ്ടതായിട്ടുള്ളതിനാൽ ഇത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഇതിൽ നിന്നും കിട്ടുന്ന ഉപയോഗപ്രദമായ മെറ്റീരിയലിന്റെ വാല്യുവേഷൻ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ നിന്നും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാ ണെന്നും പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരി ക്കുന്നതിന് വേണ്ടിയാണ് പൊളിച്ചുമാറ്റുന്നതിനുള്ള പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേ ണ്ടതായിവന്നത് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട്

ചെയ്തിട്ടുണ്ട്.എന്നാൽ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 115397.06 രൂപ മൂല്യമുള്ള ഡിമോളിഷൻ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും പൊളിച്ചുകിട്ടിയ വസ്തുക്കൾ സ്റ്റാക്ക് ചെയ്ത് വാല്യുവേഷൻ രേഖപ്പെടുത്തി ലേലം ചെയ്തിട്ടില്ല.

മാലിന്യശേഖരണ സംവിധാനം എന്ന പേരിലും മത്സ്യമാർക്കറ്റ് കെട്ടിടം നിർമ്മാണം നടത്തിയിട്ടുണ്ട് എന്നിരിക്കെ മത്സ്യമാർക്കറ്റിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒന്നും തന്നെ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ സജ്ജീകരിച്ചിട്ടില്ല.

മത്സ്യമാർക്കറ്റ് കെട്ടിടത്തിൽ അറവുമാടുകളെ കെട്ടുന്നതിനാവശ്യമായ ഷെഡുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ആധുനിക സംവിധാനത്തിലുള്ള അറവ്ശാല പഞ്ചായത്തിലില്ല.
കെട്ടിടനിർമ്മാണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മത്സ്യമാർക്കറ്റ് നിലവിൽ പ്രവർത്തിച്ചുവരുന്ന താൽക്കാലിക സംവിധാനത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാനാവശ്യവുമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 പഞ്ചായത്ത് ജീവനക്കാരുടെ യാത്രാബത്ത അനുവദിച്ചതിൽ അപാകത

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 01/2019 മുതൽ 02/2020 വരെയുള്ള യാത്രാബത്ത ഇനത്തിൽ വൗച്ചർ നമ്പർ 21901520 തി 31.3.20 പ്രകാരം 51105 രൂപ അനുവദിച്ചിട്ടുണ്ട്. യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ ജീവനക്കാർ യാത്രാബത്ത ക്ലെയിം സമർപ്പിക്കാതെയാണ് സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനപ്രകാരം യാത്രാബത്ത അനുവദിച്ചിരിക്കുന്നത്. കേരള ഫിനാൻഷ്യൽകോഡ്, ആർട്ടിക്കിൾ 53 (ബി) (6) പ്രകാരം യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്തമാസം ഒന്നാം തീയതി മുതൽ ഒരു വർഷത്തിനകം യാത്രാബത്താക്ലെയിം സമർപ്പിച്ചിരിക്കണം. അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം തുക മാറിയിരിക്കണം (കെ.എസ്.ആർ . വാല്യം1, പാർട്ട്2, ചട്ടം 5എ) യാത്രാബത്താക്ലെയിം ഇല്ലാതെ യാത്രാബത്ത അനുവദിച്ചത് ക്രമപ്രകാരമല്ല. ജീവനക്കാർക്കും സെക്രട്ടറിമാർക്കും യാത്രാബത്ത അനുവദിക്കുന്നതിന് മുമ്പ് നിശ്ചിത സമയപരിധിക്കുള്ളിൽ യാത്രാബത്താക്ലെയിം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 കാർഷിക മേഖലയിലെ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ഉൽപ്പാദനമേഖലയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാർഷിക മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യത്തിൽ വീഴ്ചയുള്ളതായി കാണുന്നു. ഓഡിറ്റ് വർഷം കാർഷിക മേഖലയിൽ വിഭാവനം ചെയ്ത ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയിട്ടില്ല. ആറ് പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചത് ഇതിൽ തെങ്ങ് കൃഷി വികസനം എന്ന ഒരു പദ്ധതി മാത്രമാണ് നടപ്പാക്കിയത്. പദ്ധതികൾക്കായി ആകെ വകയിരുത്തിയ 3501266 രൂപയിൽ 548866 രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഫലത്തിൽ അടങ്കൽ തുകയുടെ 15% തുക മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചത് 01.07.2019 നാണ് എന്നാൽ നിർവ്വഹണ നടപടികൾ ആരംഭിച്ചിരിക്കുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലാണ്. പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും, ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകുകയും ചെയ്തിട്ടും നിർവ്വഹണം വൈകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി, പച്ചക്കറി കൃഷി, തെങ്ങ് കൃഷി എന്നിവയെല്ലാം ക്രമേണ കുറഞ്ഞ് വരികയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ഈ മേഖലകളിൽ വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമങ്ങളുണ്ടായിട്ടില്ല. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഇത് സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നതായി കാണുന്നില്ല. അപാതകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/19-20/18.2.22) മറുപടി നൽകിയിട്ടില്ല. ഉൽപ്പാദന മേഖലയിലെ പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചകൾക്ക് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

1-23 ലോഗ്ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കെ.എൽ.56 എൽ 8122 വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ)ലോഗ്ബുക്കിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ /ജനപ്രതിനിധി ഒപ്പുവെക്കുന്നില്ല.

ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്യുന്ന വ്യക്തി യാത്രയുടെ ആധികാരികത ഉറപ്പു വരുത്തുന്നതിനായി ലോഗ്ബുക്ക് 8,13 കോളങ്ങളിൽ ഒപ്പു വെക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ യാത്ര ചെയ്ത വ്യക്തി ഒപ്പുവെക്കാത്ത കേസുകൾ കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| തീയതി | യാത്ര ചെയ്ത വ്യക്തി | യാത്ര ചെയ്ത സ്ഥലം |
|---|---|---|
| 30.11.2021 | ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | കോടേരിചാൽ |
| 02.02.2021 | സെക്രട്ടറി | ഫറോക്ക് |
| 23.12.2021 | പ്രസിഡന്റ് | സിവിൽ സ്റ്റേഷൻ |
| 24.12.2021 | പ്രസിഡന്റ് | പുറമേരി |

(ബി) കിലോമീറ്റർ റീഡിംഗിലും യാത്രാ തീയതിയിലും തിരുത്തൽ വരുത്തുന്നു

ലോഗ്ബുക്കിൽ കിലോമീറ്റർ റീഡിംഗിലും യാത്രാ തീയതിയിലും തിരുത്തൽ വരുത്തുന്നതായി കാണുന്നു. തിരുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| തീയതി | പേജ് നമ്പർ | റിമാർക്സ് |
|---|---|---|
| 27.04.2019 | 225 | കിലോമീറ്റർ റീഡിംഗിലും യാത്രാ തീയതിയിലും തിരുത്തൽ വരുത്തി |
| 27.09.2019 | 261 | കിലോമീറ്റർ റീഡിംഗിലും യാത്രാ തിയ്യതിയിലും തിരുത്തൽ വരുത്തി |

| | | |
|---|---|---|
| 19.10.2019 | 265 | കിലോമീറ്റർ റീഡിംഗിൽ തിരുത്തൽ വരുത്തി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്താതെ ലോഗ്ബുക്കിൽ തിരുത്തൽ വരുത്തിയതിനും യാത്ര ചെയ്ത വ്യക്തി ഒപ്പ് വെക്കാത്തതിനും മറുപടി നൽകേണ്ടതാണ്.

1-24 ഗവ.യു.പി.സ്കൂൾ,പേരാമ്പ്ര – അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ആകെ രണ്ട് സർക്കാർ പ്രൈമറി സ്കൂളുകളാണുള്ളത്. ഒരു എൽ.പി സ്കൂളും ഒരു യു.പി സ്കൂളും. ഇതിൽ കൂടുതൽ കുട്ടികൾ പഠിക്കുന്നത് ഗ്രാമ പഞ്ചായത്തിന് സമീപമുള്ള ഗവ.യു.പിയിലാണ്. 413കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ ആകെ 15 ക്ലാസ് മുറികളാണുള്ളത്. ഇതിൽ ഒരു ക്ലാസ്സ് മുറി ഷീറ്റ് മേഞ്ഞതും ഒരു ക്ലാസ്സ്മുറി സ്കൂൾ സ്റ്റേജിലുമാണ് പ്രവർത്തിക്കുന്നത്. നിലവിൽ 11 ഡിവിഷനാണ് അംഗീകാരമുള്ളത്. എന്നാൽ 15 ഡിവിഷനിലേക്കുള്ള കുട്ടികൾ സ്കൂളിലുണ്ട്. സ്റ്റാഫ് റൂം, ലബോറട്ടറി, ലൈബ്രറി, ഡൈനിംഗ് ഹാൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. ലൈബ്രറിയിൽ ആവശ്യത്തിന് പുതിയ പുസ്തകങ്ങളില്ല. കഴിഞ്ഞ 10 വർഷമായി സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങാൻ ഗ്രാമപഞ്ചായത്ത് പദ്ധതി വെച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ സർക്കാർ സ്കൂളുകളുടെ നിലവിലുള്ള അവസ്ഥയോ ആവശ്യമായ അടിസ്ഥാന ആവശ്യങ്ങളെപ്പറ്റി പരാമർശമോ ഇല്ല. വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ ഹെഡ്മാസ്റ്റർ സ്റ്റാറ്റസ് റിപ്പോർട്ട് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനാവശ്യമായ ചർച്ചകൾ വർക്കിംഗ് ഗ്രൂപ്പിൽ നടത്തുന്നതിന് മുൻകൈ എടുക്കുന്നതിനും സ്കൂൾ വികസനത്തിനാവശ്യമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും ശ്രമിച്ചിട്ടില്ല. സ്കൂളിലെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും സ്കൂൾ ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 കുടിവെള്ളക്കരം -അധിക തുക അടവാക്കി

2019-20 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം വകയിരുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കൽ
(പ്രൊ.നം- 194/2019-20 ) എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2019 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ഡിമാന്റ് തുക തനത് ഫണ്ട് ഉപയോഗിച്ചാണ് സ്ഥാപനം അടവാക്കിയിട്ടുള്ളത്. ആഗസ്റ്റ് 2019 ലെ ബില്ല് പ്രകാരം 142556 രൂപ മുൻകാല കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മാർച്ച് 2020 ലെ ഡിമാന്റ് പ്രകാരം കുടിശ്ശിക 293574 രൂപയാണ്. പദ്ധതി പ്രകാരം മതിയായ തുക വകയിരുത്തിയിരുന്നെങ്കിലും പ്രതിമാസ ഡിമാന്റ് തുക അടവാക്കുന്നതിലുണ്ടായ വീഴ്ച/കാലതാമസമാണ് കുടിശ്ശിക വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ളത്. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഡിമാന്റ് തുക യഥാക്രമം മാർച്ച് 13, 26 തീയതികളിലാണ് അടവാക്കിയിട്ടുള്ളത്. ബില്ല് പ്രകാരം ഗ്രാമപഞ്ചായത്തിൽ 152 തെരുവ് ടാപ്പുകളാണുള്ളത്. പ്രതിവർഷം 5250 രൂപ നിരക്കിലാണ് ഒരു ടാപ്പിന് നിരക്ക് നിശചയിച്ചിട്ടുള്ളത്. ഓരോ മാസത്തെയും ഡിമാന്റ് തുക 66500 രൂപയാണ്. മേൽ സാഹചര്യത്തിലും യഥാസമയം ഡിമാന്റ് തുക അടവാക്കുന്നതിൽ കാലതാമസമുണ്ടായതായും മാർച്ച് 2020 ലെ ബില്ല് പ്രകാരം 5804 രൂപ ഫൈൻ ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രതിമാസ ഡിമാന്റ് തുക നിശ്ചിത തുകയാണെന്നിരിക്കെ തുക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രതിമാസ ഗഡുക്കൾ നിശ്ചിത തീയതിക്കകം അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിൽ സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ വീഴ്ച വരുത്തിയിട്ടുണ്ട്.

2. 09.12.2004 ലെ ജി.ഒ (എം.എസ്) നം.330/2004/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ

പ്രകാരം ജി.പി.ജി ഫണ്ടിന്റെ വിനിയോഗത്തിൽ മുൻഗണന നൽകേണ്ടത് ജല അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കരം അടവാക്കുന്നതിനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾക്കായി മാത്രം 31767410 രൂപയാണ് തനത് ഫണ്ട് വകയിരുത്തിയിട്ടുള്ളത്. 1.42 കോടി രൂപ വാർഷിക പദ്ധതികൾക്കായി ചെലവഴിച്ചിട്ടുമുണ്ട്. തനത് ഫണ്ട്, ജനറൽ പർപസ് ഗ്രാന്റ് എന്നിവയുടെ അപര്യാപ്തതയിൽ മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് വെള്ളക്കരം അടവാക്കാൻ പാടുള്ളൂ എന്ന വസ്തുത പരിഗണിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചിട്ടുള്ളത്.

3. കുടിവെള്ളക്കരം അടവാക്കുന്നതിനായി തനത്ഫണ്ടിൽ നിന്നും പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.09.2018 ലെ അജണ്ട 14 തീരുമാനം 1 പ്രകാരം പൊതു ടാപ്പുകളെ കുറിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിൽ (ഫയൽ നം.B5 7603/2018) ഗ്രാമ പഞ്ചായത്തിൽ 129 പൊതു ടാപ്പുകൾ ഉണ്ടെന്ന് ഭരണ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചത് അഗീകരിച്ചിട്ടുണ്ട്. മേൽ വസ്തുത 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-34 മുഖേന പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ള താണ്. എന്നാൽ 2019-20 വർഷത്തിലും 152 ടാപ്പുകൾക്ക് ബാധകമായ തുകയാണ് വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുള്ളത്. 798000 രൂപയാണ് ഈ ഇനത്തിൽ അടവാക്കിയിട്ട ള്ളത്. എന്നാൽ യഥാർത്ഥ ഡിമാന്റ് തുക 677250 രൂപ മാത്രമാണ്. ( 129 തെരുവ് ടാപ്പുകൾക്ക് 5250 രൂപ നിരക്കിൽ പ്രതിവർഷം 677250 ). എന്നാൽ 152 ടാപ്പുകൾക്ക് തുക അടവാക്കിയതിലൂടെ 120750 സ്ഥാപനത്തിന് അധിക ചെലവുണ്ടായി.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് ഖണ്ഡിക മുഖേന വാട്ടർ അതോറിറ്റിക്ക് അടവാക്കുന്ന തുക അധികമാണെന്ന വസ്തുത പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. സംയുക്ത പരിശോധനയിൽ സ്ഥാപന പരിധിയിൽ 129 ടാപ്പുകൾ മാത്രമെ ഉള്ളൂവെന്നത് വ്യക്തമായിട്ടുമുണ്ട്. മേൽ സാഹചര്യത്തിലും 152 ടാപ്പുകൾക്ക് തുക അടവാക്കിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 120750 രൂപ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 കണ്ടിജന്റ് ചെലവുകളിലെ അപാകതകൾ

| വൗച്ചർ നം.തുക | ചെലവിന്റെ വിവരം | അപാകതകൾ |
|---|---|---|
| 21901483തീ.02.03.20<br>15225 രൂപ | കൃഷി ഭവനിൽ അധികജോലി ഉള്ളതിനാലും ഒരു കൃഷി അസിസ്റ്റന്റ് ഡെപ്യൂട്ടേഷനിൽ പോയതിനാലും പദ്ധതി നിർവ്വഹണത്തിന്റെ അവസാന പാദമായ തിനാലും കൃഷി ഓഫീസറുടെ അപേക്ഷ പ്രകാരം കൃഷി അസിസ്റ്റന്റിന്റെ താൽക്കാലിക ഒഴിവിലേക്ക് ശ്രീ | 6 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 1പദ്ധതി മാത്രമാണ് കൃഷി ഓഫീസർ 2019-20 വർഷം നടപ്പിലാക്കി യത്. ഈ സാഹചര്യത്തിൽ അധിക ജോലി എന്നത് അംഗീകരിക്കാനാവില്ല. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനവുമാ യി |

| | | |
|---|---|---|
| | പ്രകാശൻ കെ.എം.എന്നയാളെ നിയമിച്ചതിന് ദിവസവേതനം(2/2020) | ബന്ധമില്ലാത്ത കൃഷി വകുപ്പിന്റെ ജോലി നിർവ്വ ഹിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ദിവസ വേതനം നൽകേണ്ടതില്ല. കൃഷിവകുപ്പിൽ നിന്ന് വേതനം നൽകുന്നതിനു ള്ള സാധ്യത പരിഗണി ച്ചിട്ടില്ല. |
| 21901341തീ.02.03.2020 17400 രൂപ | കൃഷി ഭവനിൽ അധികജോലി ഉള്ളതിനാലും നിർവ്വഹണത്തിന്റെ അവസാന പാദമായതിനാലും കൃഷി ഓഫീസറുടെ അപേക്ഷ പ്രകാരം ക്ലർക്കിന്റെ താൽക്കാലിക ഒഴിവി ലേക്ക് ശ്രീ ജിതേഷ് പി.ടി.എന്നയാളെ നിയമിച്ചതിന് ദിവസവേതനം(12/2019) | 6 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ ഒരു പദ്ധതി മാത്രമാണ് കൃഷി ഓഫീസർ തൻവർഷം നടപ്പി ലാക്കിയത്. ഈ സാഹചര്യത്തിൽ അധിക ജോലി എന്നത് അംഗീകരിക്കാനാവില്ല. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തന വുമായി ബന്ധമില്ലാ ത്ത കൃഷി വകുപ്പിന്റെ ജോലി നിർവ്വഹിക്കുന്ന തിന് ഗ്രാമ പഞ്ചായ ത്ത് ദിവസ വേതനം നൽകേ ണ്ടതില്ല. കൃഷി വകുപ്പിൽ നിന്ന് വേത നം നൽകുന്നതിനുള്ള സാധ്യത പരിഗണിച്ചി ട്ടില്ല. |
| 21901404തീ.16.03.2020 1287രൂപ | നാരായണവിലാസം എയുപിസ്കൂളിന് ദേശാഭിമാനി പത്രം വിതരണം ചെയ്ത തുക(9/19മുതൽ 3/20) | ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. തനത് ഫണ്ട് കമ്മിയിലായിരിക്കേ മേൽപ്പറഞ്ഞ തരത്തിലുള്ള ചെലവുകൾ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-27 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു . മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 10 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | കോട്ടൂർ അബ്ദുറഹിമാൻ | 8 |
| 2 | ലംഗിഷ് കുമാർ | 12 |
| 3 | സന്തോഷൻ | 11 |
| 4 | സ്വരാജ് ഒ.എം | 7 |
| 5 | പന്തിരിക്കര റൂറൽ കോ ഓപ്പറേറ്റീവ് റൂറൽ ഹൗസിങ്ങ് സൊസൈറ്റി | 8 |
| 6 | ശ്രീജിത്ത് പി.കെ | 2 |
| 7 | ബാലകൃഷ്ണൻ. എം.എം | 9 |
| 8 | സുരേന്ദ്രൻ. | 7 |
| 9 | ശങ്കരൻ | 2 |
| 10 | ശങ്കരൻ | 11 |

മെറ്റീരിയൽ ആവശ്യമായ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച് കഴിഞ്ഞാൽ ഓരോ

അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യ ദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കി

2) ഓഡിറ്റ് വർഷം 77 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇവയുടെ മെറ്റീരിയൽ സപ്ലൈ ചെയ്ത വകയിൽ കോൺട്രാക്ടർമാർക്ക് തുക നൽകിയ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ഐ.ടി. ഇനത്തിൽ തുകകൾ ഈടാക്കിയിട്ടില്ല.

3) സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം, വിദഗ്ധ/അവിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനായി ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19-20 /21.2.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി സുതാര്യവും, കാര്യക്ഷമവുമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യ മായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-28 മാലിന്യം നീക്കം ചെയ്യൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ മാലിന്യം നീക്കം ചെയ്യൽ പദ്ധതി പ്രകാരം (പ്രൊ.നം- 177/2019-20) 473804 രൂപയും ഹരിതസഹായ സ്ഥാപനത്തിന് നൽകുന്ന തുക എന്ന പദ്ധതി പ്രകാരം (പ്രൊ.നം- 180/2019-20) 170311 രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ പൂർണ്ണമായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയറിലെ കണക്ക് പ്രകാരമുള്ള തുകയാണ് മേൽ പരാമർശിച്ചിട്ടുള്ളത്. തനത്ഫണ്ട് വകയിരുത്തിയ പദ്ധതികളുടെ ചെലവ് പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ചെലവ് ഇതിലും അധികരിക്കാൻ സാധ്യതയുണ്ട്. മേൽ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായി ട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിന്റെ ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തിട്ടുള്ള ത് നിറവ് കോഴിക്കോട് എന്ന സ്ഥാപനത്തെയാണ്. നിറവ് സ്ഥാപനത്തിന് വേണ്ടി ഡി.പി.ആർ തയ്യാറാക്കാതെയാണ് ജൈവ-അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. ഡി.പി.ആർ തയ്യാറാക്കാതെയും സ്ഥാപന പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് സ്വഭാവം എന്നിവയെകുറിച്ച് പഠനം നടത്താതെയുമാണ് മാലിന്യ നിർമ്മാർജ്ജനത്തിന് പ്രൊജക്ട് വെച്ചതും നിറവ് കോഴിക്കോടിനെ ചുമതലപ്പെടുത്തിയതും.
2. ഹരിത സഹായ സ്ഥാപനമെന്ന നിലയിൽ സ്ഥാപനപരിധിയിൽ സൃഷ്ടിക്കപ്പെട്ട മാലിന്യങ്ങൾ വേർതിരിച്ച് കയ്യൊഴിയുന്നതിന് ശുപാർശ ചെയ്യുകയും , ശുപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിച്ച് ടെണ്ടർ ചെയ്യുകയും ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത നിറവ് കോഴിക്കോടിന് കരാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ക്യുബിക് മീറ്റർ മാലിന്യത്തിന് 300 രൂപ നിരക്കിലാണ് മാലിന്യം കയറ്റി അയച്ചിട്ടുള്ളത്. നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് ഹെൽത്ത് ഇൻസ്പെക്ടറാണെന്ന് കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെ ങ്കിലും ഇത് സംബന്ധിച്ച രേഖ ഫയലിൽ ലഭ്യമല്ല. 09.11.2019 വരെ നിറവ് ഡിമാന്റ് ചെയ്യുന്ന തുക അതേപടി അനുവദിക്കുന്ന നടപടിയാണ് സ്ഥാപനം സ്വീകരിച്ചിട്ടുള്ളത്. 09.11.2019 തീയതിയിൽ 1564.71 ക്യുബിക് മീറ്റർ മാലിന്യം നിറവിന്റെ മാണ്ഡ്യയിലെ സദാത് നഗറിലെ മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് കയറ്റി അയച്ചതായും 469413 രൂപ അനുവദിക്കുന്ന തിനും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബില്ലിന്മേൽ പരിശോധന നടത്തിയ ജയേഷ് കുമാർ ക്ലാർക്ക് അത്രയും അളവിൽ മാലിന്യം കയറ്റി അയച്ചിട്ടില്ലെന്നും 1012.68 ക്യുബിക് മീറ്ററിന് ബാധകമായ 303804 രൂപക്ക് മാത്രമെ അർഹതയുള്ളൂ എന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 09.11.2019 വരെയുള്ള ബില്ലുകളിന്മേൽ യാതൊരു പരിശോധനയും നടത്താതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ബില്ലുകളിൽ 4.7 മീറ്റർ വരെ ഉയരത്തിൽ മാലിന്യം കയറ്റി അയച്ചതായി നിറവ് അവകാശപ്പെടുന്നുണ്ട്. എന്നാൽ ഹെവി ഗുഡ്സ് വാഹനങ്ങളുടെ കാരിയറിന്റെ റോഡ് ക്ലിയറൻസ് കൂടെ പരിഗണിക്കുമ്പോൾ ആറ് മീറ്ററിലധികം ഉയരത്തിൽ മാലിന്യം കയറ്റി അയച്ചതായി ബില്ലിൽ അവകാശപ്പെട്ടിട്ടുണ്ട്. അത്രയും ഉയരത്തിൽ മാലിന്യം കയറ്റി അയക്കുന്നത് പ്രായോഗികമല്ലെന്നത് വ്യക്തമായിരിക്കെ മേൽ വസ്തുത പരിശോധിക്കാതെ 09.11.2019 വരെ സെക്രട്ടറി ബില്ലുകൾ അനുവദിച്ചിട്ടുണ്ട്. അത്തരത്തിൽ അനുവദിക്കപ്പെട്ട ബില്ലുകളുടെ ആധികാരികത പുനപരിശോധിക്കപ്പെട്ടിട്ടില്ല. ഹരിത സഹായ സ്ഥാപനമെന്ന നിലയിൽ നിറവ് പഞ്ചായത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഇത്തരത്തിൽ മാലിന്യം കയറ്റി അയക്കുന്നതിന്റെ ഒരു ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫോട്ടോയിൽ നിന്നും ശരാശരി മൂന്ന് മീറ്റർ ഉയരത്തിൽ മാത്രമാണ് മാലിന്യങ്ങൾ കയറ്റി അയച്ചതെന്നത് വ്യക്തമാവും. ചിത്രം ചുവടെ ചേർക്കുന്നു.



3. മാണ്ഡ്യയിൽ സ്ഥിതിചെയ്യുന്ന എന്ന് പറയപ്പെടുന്ന നിറവിന്റെ സ്ഥാപനത്തിന്റെ ആധികാരികത(കൃത്യമായ ലൊക്കേഷൻ, ജി.എസ്.ടി രജിസ്ട്രേഷൻ, ആവശ്യമായ ലൈസൻസുകൾ നേടിയതിന്റെ വിവരങ്ങൾ Etc.) വ്യക്തമാക്കുന്നതിന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് തീയതി വരെയും മാണ്ഡ്യയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് പഞ്ചായത്ത് തയ്യാറായിട്ടില്ല. മാലിന്യങ്ങൾ പഞ്ചായത്ത് പരിധിയിൽ നിന്നും മാണ്ഡ്യയിലെ സദത് നഗറിലേക്ക് കയറ്റി അയച്ചതായി ട്രിപ്ഷീറ്റുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പേരാമ്പ്രയിൽ നിന്നും സദത് നഗറിലേക്കുള്ള ദൂരം 350 കിലോമീറ്ററായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സംസ്ഥാന-ദേശീയ പാതകളിലൂടെ യാത്ര ചെയ്താൽ പോലും പേരാമ്പ്രയിൽ നിന്നും സദത് നഗറിലേക്ക് 220 കി.മീ താഴെ മാത്രമെ വേണ്ടിവരുന്നുള്ളൂ എന്ന് ഗൂഗിൾ മാപ്പിൽ നിന്നും വ്യക്തമാണ്. മാലിന്യം നീക്കം ചെയ്യുന്നതിന് വേണ്ടി ഉപയോഗിച്ച KL 10 U 2277, KA 41 7976 നമ്പർ വാഹനങ്ങൾക്ക് നാഷണൽ പെർമിറ്റ് ഇല്ലായിരുന്നുവെന്ന് പരിവാഹൻ വെബ്സൈറ്റിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ മേൽ വാഹനങ്ങൾ മുഖേന പേരാമ്പ്രയിൽ നിന്നും സദത് നഗറിലേക്ക് മാലിന്യം എത്തിച്ചതായി ട്രിപ്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടു ണ്ട്.

ഡി.പി.ആർ തയ്യാറാക്കാതെയുള്ള ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം സ്ഥാപനത്തിന് ഗുണപരമല്ലായിരുന്നെന്നത് വ്യക്തമാണ്. സ്ഥാപന പരിധിയിൽ സൃഷ്ടിക്കപ്പെട്ട മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല സെക്രട്ടറിക്കും ഭരണസമിതിക്കുമുണ്ട്. എന്നാൽ കയറ്റി അയച്ച് കയ്യൊഴിയുന്ന മാലിന്യം യഥാവിധി സംസ്കരിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തിയിട്ടില്ല. വസ്തുതകൾ പരിശോധിച്ചതിൽ നിന്നും കയറ്റി അയച്ച മാലിന്യം സംസ്കരിക്കാതെ ഉപേക്ഷിക്കാനുള്ള സാധ്യത നിലനിൽക്കുന്നതായി കാണുന്നു

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളും ചെലവ് രേഖകളുടെ അഭാവവും കാരണം ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-29 രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

A. 2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ പദ്ധതി പ്രകാരം (പ്രൊ.നം- 4/2019-20 ) 247274 രൂപ എസ്.സി.പി ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

- പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ ബിൽ, വൗച്ചർ, മറ്റ് വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

B. 2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് പദ്ധതി പ്രകാരം (പ്രൊ.നം- 1/2019-20) തനത്ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ ബിൽ, വൗച്ചർ, മറ്റ് വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അവ ലഭ്യമാക്കേണ്ടതാണ്.
2. ഫയൽ പരിശോധിച്ചതിൽ നിന്നും 2017-18 വർഷത്തെ ചെലവുകളും പദ്ധതി മുഖേന നിർവ്വഹിക്കുന്നതിന് സെക്രട്ടറി അനുമതി നൽകിയതായി കാണുന്നു . ആയതിന്റെ കാരണം വ്യക്തമല്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ 96575 രൂപയുടെ ചെലവ് നടന്നതായി വ്യക്തമായിട്ടുണ്ട്. (ഖണ്ഡിക 1-33 കാണുക ). 2019-20 വർഷത്തെ പദ്ധതിയുടെ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നോട്ട് ഫയലിൽ ഇത് സംബന്ധിച്ച ചെലവുകൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. സ്ഥാപനത്തിലെ ചെലവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം ചെലവ് നടന്നിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-30 മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷം മൃഗസംരക്ഷണ മേഖലയിൽ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷം രണ്ട് പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. എസ്.എൽ.ബി.പി, മുട്ടഗ്രാമം എന്നിവയാണ് നടപ്പാക്കിയത്. സ.ഉ.(കൈ) നം.11/2018 തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ച ഉറപ്പുവരുത്തുന്നതിനാവ ശ്യമായ പദ്ധതികളാവിഷ്ക്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ മുട്ട, മാംസം എന്നിവയുടെ ഉത്പാദനവും ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ നിർവ്വഹണം നടത്തുന്ന തിൽ പൂർണ്ണമായി വിജയിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷം നടപ്പാക്കിയ മുട്ടഗ്രാമം പദ്ധതിതന്നെ പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിയുടെ ലിസ്റ്റിൽ 1700 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 137 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളൂ. അതുകൊണ്ട് തന്നെ ഇതിന് വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിക്കായി വകയിരുത്തിയ വിവിധ ഫണ്ടുകളും അവയുടെ ചെലവും ചുവടെ ചേർക്കുന്നു

| ഫണ്ടുകൾ | വികസനം | തനത് | ജില്ലാപഞ്ചായത്ത് | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| വകയിരുത്തിയത് | 125000 | 12500 | 137500 | 275000 |
| ചെലവ് | 85625 | 8562 | 94187 | 188375 |

ഗുണഭോക്തൃ ലിസ്റ്റിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടായിട്ടും പദ്ധതിതുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ പദ്ധതിയിലെ ചെലവ് കുറയാനുണ്ടായ കാരണങ്ങളെക്കുറിച്ച് ചർച്ച നടന്നതായി കാണുന്നില്ല. പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇത് സംബന്ധിച്ച് ചർച്ച നടന്നതായി കാണുന്നില്ല. മേഖലയ്ക്ക് വകയിരുത്തിയ ഫണ്ടുകൾ നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/19-20/18.2.22) മറുപടി സമർപ്പിച്ചിട്ടില്ല. മൃഗ സംരക്ഷണ മേഖലയിൽ വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-31 കുടിവെള്ള വിതരണം - അനിയന്ത്രിതമായി ചെലവ് നടത്തി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്ത് 2019-20 വർഷത്തിൽ സ്പിൽഓവറായി നിർവ്വഹണം നടത്തിയ കുടിവെള്ള വിതരണം (പ്രൊ.നം- 182/2019) പദ്ധതി പ്രകാരം 3227862 രൂപ ചെലവഴിച്ചിട്ടുണ്ട്. 11.03.2019 തീയതിയിൽ ടെണ്ടർ നടപടി സ്വീകരിക്കുകയും ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത അഷറഫ് നാനോത്ത് മീത്തൽ എന്നവർക്ക് കിലോമീറ്ററിന് 150 രൂപ നിരക്കിൽ പ്രതിഫലം നിശ്ചയിച്ച് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ 10.06.2019 വരെ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ടെണ്ടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഫയലിൽ കരാറുകാർ സമർപ്പിച്ച ടെണ്ടർ ഫോറം മാത്രമെ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. മറ്റ് രേഖകൾ ഫയലിൽ ലഭ്യമല്ല.

2. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക ചെലവഴിച്ചു.

02.03.2019 തീയതിയിലെ സ.ഉ 500/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 01.04.2019 മുതൽ 31.05.2019 വരെ പരമാവധി 11 ലക്ഷമാണ് കുടിവെള്ള വിതരണത്തിനായി ചെലവഴിക്കുന്നതിന് അനുമതി ഉള്ളത്. ഈ കാലയളവിൽ പഞ്ചായത്ത് 3920188 രൂപ മൂല്യമുള്ളത്രയും അളവിൽ കുടിവെള്ളം വിതരണം ചെയ്യുകയും 3227862 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന്റെ ബില്ലിൽ നിന്നും ആദായ നികുതി ഇനത്തിൽ കറവ് ചെയ്ത തുക കൂടെ പരിഗണിക്കുമ്പോൾ 3260467 ചെലവഴിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്.

3. ചെലവ് തുക തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു.

സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതിക്കായി 1000000 രൂപ ധനകാര്യ കമ്മീഷൻ അവാർഡും 2475000 തനതും ഫണ്ടും വകയിരുത്തിയതിൽ ധനകാര്യ കമ്മീഷൻ അവാർഡായ 1000000 രൂപ മാത്രമെ ചെലവുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളൂ . തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക Bulk Purchase Of Water , Advance To Implementing Officer എന്നീ ശീർഷകങ്ങളിലാണ് ചെലവുകൾ ബുക്ക് ചെയ്തിട്ടുള്ളത്. ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്യാത്തത് മൂലം അപാകത വാർഷിക കണക്കിൽ പ്രകടമാവാതിരിക്കുകയും പൊതുജനസമക്ഷം യഥാർത്ഥ കണക്കുകൾ മറച്ചുവയ്ക്കുകയും ചെയ്യുന്നു.

4. കുടിവെള്ള വിതരണം ഫലപ്രദവും ലാഭകരമായിരുന്നെന്നും ഉറപ്പ് വരുത്തിയില്ല.

കരാറുകാരൻ ലോറികളിൽ 2000, 1000 ലിറ്ററിന്റെ പി.വി.സി ടാങ്കുകൾ ഘടിപ്പിച്ചാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ഒന്നിടവിട്ട ദിവസങ്ങളിലാണ് വാർഡിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത്. ഒരു ട്രിപ്പിൽ പരമാവധി 3000 ലിറ്റർ മാത്രമെ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു

കുടുബത്തിന് ശരാശരി 200 ലിറ്റർ ( രണ്ട് ദിവസത്തേക്ക്) കണക്കാക്കുമ്പോൾ ഒരു ട്രിപ്പിൽ നിന്നും പരമാവധി 15 കുടുംബങ്ങൾക്ക് മാത്രമെ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ 100 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് ചുരുങ്ങിയത് 7 ട്രിപ്പെങ്കിലും നടത്തേണ്ടി വരും . 90 ശതമാനം ട്രിപ്പുകൾക്കും കുടിവെള്ളം ശേഖരിക്കുന്നത് പഞ്ചായത്ത് പരിധിക്ക് പുറത്തെ മുളിയങ്ങൽ എന്ന പ്രദേശത്ത് നിന്നാണ്. ട്രിപ്പുകൾ കൂടുതൽ നടത്തേണ്ടിവരുന്നതും പഞ്ചായത്ത് പരിധിക്ക് പുറത്ത് നിന്നും കുടിവെള്ളം ശേഖരിക്കുന്നതും ആകെ ഓടുന്ന ദൂരം വർദ്ധിക്കുന്നതിന് കാരണമാവുകയും ചെലവ് വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ സ.ഉ(സാധാ) നം. 787/2017/ദു.നി.വ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം ചെയ്യേണ്ടത് ടാങ്കറുകളിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി ചെറിയ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്തത് ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

5. ചെലവ് നിയന്ത്രിച്ചില്ല. ചെലവ് രേഖകളുടെ കൃത്യത പരിശോധിച്ചില്ല.

11.04.2019 ലെ ട്രിപ് ഷീറ്റ് പ്രകാരം മുളിയങ്ങൽ മുതൽ കോളോത്ത് മീത്തൽ വരെയുള്ള ദൂരമായി രേഖപ്പെടുത്തിയിട്ടുള്ളത് 16 കിലോമീറ്ററാണ്.13.04.2019 തിയ്യതിയിലെ ട്രിപ്ഷീറ്റ് പ്രകാരം മുളിയങ്ങൽ മുതൽ കോളോത്ത് മീത്തൽ വരെയുള്ള ദൂരമായി രേഖപ്പെടുത്തിയിട്ടുള്ളത് 13 കിലോമീറ്ററാണ്. വാഹനങ്ങൾ ജി.പി.എസ് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ജി.പി.എസ് ലോഗ് ആധാരമാക്കി ചെലവ് നിർവ്വഹിക്കുന്ന തിന് പകരം ട്രിപ്ഷീറ്റ് അടിസ്ഥാനപ്പെടുത്തിയാണ് കരാറുകാരന്റെ കരാർ തുക കണക്കാക്കിയിട്ടുള്ളത്. കുടിവെള്ളം ശേഖരിക്കാനും തിരികെ വരുന്നതിനുമായി വാഹനം പഞ്ചായത്ത് പരിധിക്ക് പുറത്ത് നടത്തിയ യാത്രയുടെ ദൂരവും ബില്ലിൽ കണക്കാക്കിയിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി ഡയറക്ടർ , CWRDM ന് എ3/839/19 നമ്പറായി 29.03.2019 തിയ്യതിയിൽ കുട്ടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിൽ നിന്നും ജലം ലഭ്യമാക്കുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. കുടിവെള്ള വിതരണ ത്തിന്റെ ചെലവ് വൗച്ചറുകൾക്ക് അംഗീകാരം നൽകുമ്പോഴും ബുക്ക് ചെയ്ത ശീർഷകത്തിന്റെ കൃത്യത, അതുവരെയുള്ള ചെലവ് എന്നിവ സെക്രട്ടറി പരിശോധിക്കാതിരുന്നതും ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ള വിതരണത്തിനായി 2019- 20 വർഷം 4874188/- രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|
| 158/2019-20, വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം | 156000 |
| 182/2019-20, കുടിവെള്ള വിതരണം | 3920188 ( തുക മുഴുവൻ നൽകിയില്ലെങ്കിലും ബാക്കി തുക ബാധ്യതയായി നിലനിൽക്കുന്നു ) |
| 194/2019-20, കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കരം അടവാക്കൽ (തെരുവ് ടാപ്പ്) | 798000 |
| ആകെ | 4874188 |

2019-20 വർഷത്തിൽ കുടിവെള്ള വിതരണത്തിനായി 4874188 രൂപയാണ് സ്ഥാപനം ചെലവഴിച്ചിട്ടുള്ളത്. 2019-20 വർഷത്തിൽ 32 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ടായിരുന്നതായും അതിൽ 13 പദ്ധതികൾ പ്രവർത്തനക്ഷമമല്ലായിരുന്നു എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് 5 ലുള്ള മൂന്ന് കുടിവെള്ള പദ്ധതികളും പ്രവർത്തനക്ഷമമല്ലായിരുന്നു എന്നും മറുപടിയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. വലിയനിലയിലുള്ള അറ്റകുറ്റപണികൾ ആവശ്യമുള്ളതും പഞ്ചായത്ത് നേരിട്ട് നടപ്പാക്കേണ്ടതുമായ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്തതും 2019-20 വർഷത്തിൽ സ്പിൽ ഓവറായി തുടർന്നതുമായ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനും റിപ്പയറിനു മുള്ള പദ്ധതികളുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസവും പഞ്ചായത്ത് പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നതിന് കാരണമായിട്ടുണ്ട്.

ഉദാ- നെല്ല്യാടിക്കണ്ടി കുടിവെള്ള പദ്ധതിയുടെ മോട്ടോർ റിപ്പയർ ചെയ്യാനാവാത്ത വിധം കേടായതിനാൽ മാറ്റി സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്തിരുന്നുവെങ്കിലും പദ്ധതി 2019-20 വർഷത്തിലാണ് പൂർത്തീകരിച്ചത്. 2019 ഫെബ്രുവരി മാസത്തിൽ നെല്ല്യാടിക്കണ്ടി കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾ മോട്ടോർ പ്രവർത്തിക്കാത്ത സാഹചര്യം ചൂണ്ടിക്കാട്ടി കുടിവെള്ളം വിതരണം ചെയ്യുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെടുകയും പഞ്ചായത്ത് 158/2019-20 നമ്പറായുള്ള വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം പദ്ധതി പ്രകാരം 156000 രൂപ നെല്ല്യാടിക്കണ്ടി കുടിവെള്ളപദ്ധതി , പുളിയാറപ്പുറം ഭാഗം കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലുള്ള കാലതാമസവും നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹിക്കാത്തതുമാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിക്കുന്നതിന് കാരണമായിട്ടുള്ളത്. ചെലവ് തുക 156000 രൂപ ഗ്രാമപഞ്ചായത്തിന്റെയും സെക്രട്ടറിയുടെയും ചുമതലാ നിർവ്വഹത്തിലുണ്ടായ വീഴ്ചമൂലമാണ് സംഭവിച്ചിട്ടുള്ളത്. ചെലവ് തുക നിരാകരിക്കുന്നു.

182/2019-20, കുടിവെള്ള വിതരണം പദ്ധതി പ്രകാരം അധിക തുക ചെലവഴിക്കപ്പെട്ടതിന്റെ കാരണങ്ങളുടെയും പദ്ധതി ആസൂത്രണ നിർവ്വഹണത്തിന്റെയും അപാകതകളുടെയും ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിൽ അധികരിച്ച തുക ചെലവഴിച്ചു. മേൽ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കിയില്ല.

2. കരാറുകാരൻ സമർപ്പിച്ച ട്രിപ്ഷീറ്റിന്റെ സത്യാവസ്ഥ പരിശോധിക്കാതെ തുക അനുവദിച്ചു.

3. പഞ്ചായത്തിന് പുറത്തുള്ള സ്രോതസ്സാണ് കുടിവെള്ള വിതരണത്തിനായി കരാറുകാരൻ കണ്ടെത്തിയിട്ടുള്ളത്. വെള്ളം എടുക്കുന്നതിനും കൊണ്ടുവരുന്നതിനുമായി കരാറുകാരൻ വാഹനവുമായി നടത്തിയ യാത്രയുടെ ദൂരവും ബിൽ തുക കണക്കാക്കുന്നതിന് പരിഗണിച്ചു.

4. ടാങ്കറുകൾക്ക് പകരം ലോറികൾ ഉപയോഗിച്ച് കുടിവെള്ളം വിതരണം ചെയ്തത് മൂലം കൂടുതൽ ട്രിപ്പുകൾ ആവശ്യമായി വരികയും കുടിവെള്ള വിതരണത്തിനായി സഞ്ചരിച്ച ദൂരം വർദ്ധിക്കുകയും തന്മൂലം ചെലവ് വർദ്ധിക്കുകയും ചെയ്തു.

5. പരിധിയിൽ അധികരിച്ച ചെലവ് സാധൂകരിക്കുന്നതിന് ഡി.ഡി.പി ക്ക് കത്തയച്ചതിന് ശേഷവും 19.09.2019 ലെ വൗച്ചർ , 22.10.2019 ലെ വൗച്ചർ 21900779 എന്നിവ പ്രകാരം യഥാക്രമം 100000, 60000 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

6. ചെലവുകൾ ബന്ധപ്പെട്ട പദ്ധതിയുടെ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്യാതെ വിവിധ ശീർഷകങ്ങളിൽ ബുക്ക് ചെയ്തു.

7. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയില്ല.

8. കരാറുകാരന്റെ ബില്ലുകളിൽ നിന്നും 1% ആദായനികുതി കുറവ് ചെയ്താണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മേൽ തുക ആദായനികുതിയുടെ ശീർഷകത്തിലേക്ക് ബുക്ക് ചെയ്യുകയോ തുക അടവാക്കുകയോ

ചെയ്തിട്ടില്ല. ഇപ്രകാരം കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് ചെയ്ത 32605 രൂപ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. തുക ബന്ധപ്പെട്ട് അക്കൗണ്ടിലേക്ക് വരവ് വെച്ച് യഥാസമയം അടവാക്കുന്നതിന് സെക്രട്ടറി ശ്രദ്ധ ചെലുത്തിയിട്ടില്ല.

9. കരാറുകാരന്റെ ഡിമാന്റ് തുക 3920188 രൂപയാണ് കരാറുകാരന് ആദായനികുതി ഉൾപ്പെടെ 3260467 രൂപയാണ് നൽകിയിട്ടുള്ളത്. 659721 രൂപ കരാറുകാരന് നൽകാൻ അവശേഷിക്കുന്നുണ്ട്. മേൽ തുകക്ക് വാർഷികകണക്കിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത് സെക്രട്ടറിയുടെ ചുമതലാ നിർവ്വഹണത്തിലുണ്ടായ വീഴ്ചയാണ്. ചെലവ് തുക 3260467 തടസ്സപ്പെടുത്തുന്നു.

## 1-32 സുഭിക്ഷ കേരളം- മത്സ്യോത്പാദന പദ്ധതികൾ നടപ്പാക്കിയില്ല.

കോവിഡ് കാലത്തെ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിനും ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയും സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുന്നതിനായി മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തി ന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുക പോലും ചെയ്തിട്ടില്ല.

മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനട്സ് , സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ നിന്നും മേഖലയുടെ വികസന കാഴ്ച്ചപ്പാട്, മേഖലയിലെ സ്ഥിതിവിവരം എന്നിവ രൂപീകരിച്ചിട്ടില്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. 2019-20 വർഷങ്ങളിലെ പദ്ധതി നിർവ്വഹണ-ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ
(കൃഷിയും അനുബന്ധരേഖകളും) ഒന്നിൽ പോലും ഫിഷറീസ് ഇൻസ്പെക്ടറെ പങ്കെടുപ്പിച്ചിട്ടില്ല.

## 1-33 തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1.തനത് ഫണ്ട് വൗച്ചറുകൾ പ്രസിഡന്റ് ഒപ്പുവെച്ച് അധികൃതമാക്കിയില്ല.

2.വൗച്ചറുകൾ സീരിയൽ നമ്പർ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.ഓരോ മാസത്തിലെയും വൗച്ചറുകളിൽ വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

4.താഴെ പട്ടികയിൽ ചേർത്ത തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | മാസം | വൗച്ചർ നമ്പർ |
|---|---|---|
| 1 | ജൂൺ 2019 | 21900222 മുതൽ 21900230 വരെ |

| | | |
|---|---|---|
| 2 | നവംബർ 2019 | 21900802,21900822,21900858,21900833,21900943 |
| 3 | ഡിസംബർ 2019 | 21900969 മുതൽ 21900975, 21901052, 21901072 |
| 4 | ജനുവരി 2020 | 21901099, 21901100, 21901125, 21901136, 21901143, 21901147, 21901159 മുതൽ 21901164 വരെ, 21901182, 21901198 |
| 5 | ഫെബ്രുവരി 2020 | 21901239, 21901243, 21901255, 21901257, 21901258, 21901275 |

വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19-20/22.2.22) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഹാജരാക്കാത്ത വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-34 പ്രിന്റിംഗ് ചാർജ്ജ്-തുക ചെലവഴിച്ചതിൽ അപാകതകൾ

വൗച്ചർ നമ്പർ-21900801/ 31.10.19

ചെലവ് തുക- 156575/-രൂപ

2019-20 വർഷത്തെ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയുടെ ഭാഗമായുള്ള പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ 96575/-രൂപയും പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ പ്രിന്റിംഗ് , ഫോട്ടോസ്റ്റാറ്റ് തുടങ്ങിയ വർക്കുകൾ ചെയ്ത വകയിൽ 60000/-രൂപയും ഉൾപ്പെടെ ആകെ 156575/-രൂപമേൽ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പ്രിന്റിംഗ് നടത്തി തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ച കാണുന്നു.

എ) റീജിയണൽ കോ-ഓപ് ബാങ്കിന്റെ 11.4.2019 തീയതിയിലെ 53552 നമ്പർ ചെക്ക് പ്രകാരം തുക നൽകിയ മേൽ ചെലവ് അക്കൗണ്ട് ചെയ്തത് മേൽ വൗച്ചർ പ്രകാരം 31.10.19 തീയതിയിലാണ്. ചെലവ് നടത്തി ആറുമാസത്തിലധികം കാലം തുക കണക്ക് പുസ്തകത്തിൽ രേഖപ്പെടുത്താതിരുന്നത് സാമ്പത്തിക ക്രമക്കേടിന് തുല്യമാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. കെ എഫ് സി ആർട്ടിക്കിൾ 40(c) 2 ന വിരുദ്ധമായി, ചെലവ് അക്കൗണ്ട് ചെയ്യപ്പെടാത്തത് വിശദീകരിക്കപ്പെടേണ്ട താണ്.

ബി)രണ്ട് കണ്ടിജന്റ് ബില്ലുകളിലായുള്ള തുകയാണ് മേൽ വൗച്ചർ പ്രകാരം നല്കിയത്. 60000/-രൂപയുടെ ബില്ലിൽ 2017 മെയ് മാസം മുതൽ 2018 ഏപ്രിൽ വരെ നടന്ന വിവിധ പരിപാടികളുടെ നോട്ടീസ് ഉൾപ്പടെയുള്ള പ്രിന്റിംഗ്/മറ്റാവശ്യങ്ങൾക്കാണ് തുക നല്കിയിരിക്കുന്നത്. കൂടാതെ ചെലവ് ക്ലെയിം ചെയ്തത് 2018 ഒക്ടോബർ മുതൽക്കാണ്. 96575/-രൂപയുടെ ബില്ലിലും 17-18വർഷം മുതലുള്ള ക്ലെയിം ആണ് സമർപ്പിച്ചിരിക്കുന്നത്. 1/2018 മുതൽ നടന്ന പരിപാടികളുടെ ബില്ലാണ് സമർപ്പിക്കപ്പെട്ടത്. ചെലവ് തുക ആവശ്യപ്പെടാൻ കാലതാമസം വന്നത് വിശദീകരിക്കപ്പെടേണ്ടതാണ്.

സി) രണ്ടിനത്തിലുമുള്ള ചെലവുകൾക്കാധാരമായ പ്രിന്റിംഗും മറ്റ് സേവനങ്ങളും നടത്തിയിരിക്കുന്നത് പേരാമ്പ്രയിലെ ഗ്ലോബൽ, ദ ഹൗസ് ഓഫ് പ്രിന്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്. എന്നാൽ യാതൊരു വാങ്ങൽ നടപടിക്രമങ്ങളും പാലിക്കാതെയാണ് മേൽ സ്ഥാപനത്തെ തെരെഞ്ഞെടുത്തതെന്ന്, ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങളുടെ ഹാജരാക്കാത്തതിൽ നിന്നും ബോധ്യപ്പെടുന്നു.ടെണ്ടർ നടപടികളില്ലാതെ സേവനങ്ങൾ/സാധനങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. പഞ്ചായത്തിന്റെ

പലവിധങ്ങളായ പ്രവർത്തനങ്ങൾക്ക് വലിയ നിരക്ക് വരുന്ന മൾട്ടി പ്രിന്റിംഗ് പ്രവൃത്തികൾ വരെ മേൽ സ്ഥാപനത്തിൽ നിന്നും നിർവ്വഹിച്ചതായി ബില്ലുകൾ സാക്ഷ്യപ്പെടുത്തുന്നു.

ഡി) മേല്പറഞ്ഞ പ്രകാരം വ്യത്യസ്ത പ്രവർത്തനങ്ങളുടെ ചെലവുകൾ ഒരേ വൗച്ചറിൽ രേഖപ്പെടുത്തിയതിനാൽ ഒരേ ഹെഡ്ഡിൽ ചെലവ് ബുക്ക് ചെയ്യപ്പെട്ടു. പ്രവർത്തനങ്ങളും ചെലവും സംബന്ധിച്ച് സ്ഥാപനത്തിന്റെ കണക്കുകൾ തെറ്റായ വിവരം നല്കാൻ ഇത് ഇടയാക്കി.

ഇ) 60000/-രൂപയുടെ ബില്ലിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ

1) ഗ്ലോബലിന്റെ 18.3.19 ലെ 109 നമ്പർ ബിൽ പ്രകാരം 9460/-രൂപ ക്ലെയിം ചെയ്തതിൽ 7250/-രൂപ നല്കിയത് 1166പേജുള്ള(A3സൈസ്) ഡിമാന്റ് രജിസ്റ്റർ പ്രിന്റ് ചെയ്ത് ബൈന്റ് ചെയ്ത വകയിലാണ്. ഇത് പ്രകാരം പേജിന് 6.28 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ മേൽ ഡിമാന്റ് രജിസ്റ്ററിൽ ആകെ 875 പേജുകൾ മാത്രമാണുള്ളത് .കൂടാതെ ഇരുവശങ്ങളിലും പ്രിന്റെടുത്തതിനാൽ 438 പേപ്പറുകൾ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രിന്റിംഗ് നിരക്ക് വളരെ കൂടുതലാണെന്നും, പ്രിന്റെടുത്തതിനേക്കാൾ കൂടുതൽ പേജിന്(291പേജ്) തുക നല്കിയെന്നും മേൽ വസ്തുതകൾ വെളിവാക്കുന്നു.

2) 22.10.18ലെ 84 നമ്പർ ബിൽ പ്രകാരം 7245/-രൂപ ക്ലയിം ചെയ്തതിൽ 4800/-രൂപ നല്കിയത് സീറോ വേസ്റ്റ് പേരാമ്പ്ര വിളംബര ജാഥ നടത്തുന്നതിന്റെ ഭാഗമായി 1000 മൾട്ടി കളർ നോട്ടീസ് പ്രിന്റ് ചെയ്ത വകയിലാണ്. ഇത് പ്രകാരം നോട്ടീസിന് 4.8രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ തുടർന്നും ഇതേ നോട്ടീസ് 100എണ്ണം പ്രിന്റ് ചെയ്തതിന് 1800/-രൂപ ഇതേ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. ഈ നോട്ടീസ് ഒന്നിന് 18/-രൂപ വന്നതായി കാണാം. ഇത്തരം നോട്ടീസുകൾ ആവശ്യമായത് ഒരുമിച്ച് പ്രിന്റ് ചെയ്യാതെ വീണ്ടും വളരെ കുറഞ്ഞ അളവിൽ പ്രിന്റ് ചെയ്തതെന്തിനെന്ന് വിശദമാക്കേണ്ടതാണ്. കൂടാതെ ആദ്യ പ്രിന്റിനേക്കാൾ അധിക നിരക്ക് നല്കിയതും പ്രചരണ നോട്ടീസ് 100എണ്ണം കുറഞ്ഞതുകൊണ്ട് എന്ത് പ്രശ്നമാണ് സൃഷ്ടിക്കപ്പെട്ടു ന്നതെന്നും വിശദമാക്കേണ്ടതാണ്.

എഫ്) 96575/-രൂപയുടെ ബില്ലിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ

1) 18.10.18ലെ 79നമ്പർ ബിൽ പ്രകാരം വികസനരേഖ4പ്രിന്റ് തയ്യാറാക്കിയതിന് 1250/-രൂപ നൽകിയിട്ടുണ്ട്.ഇതേ പ്രിന്റ് ഒരു കോപ്പി തയ്യാറാക്കിയതിന് 28.10.18ലെ 88നമ്പർ ബിൽ പ്രകാരം 500/-രൂപ അനുവദിച്ചു കാണുന്നു.ആദ്യ പ്രിന്റിന് ശേഷം വീണ്ടും പ്രിന്റിന്റെ ആവശ്യകത വന്നത് വിശദമാക്കേണ്ടതാണ്.കൂടാതെ ആദ്യ പ്രിന്റുകൾക്ക് 313/- രൂപ നല്കിയപ്പോൾ അവസാനപ്രിന്റിന് 500/-രൂപയാണ് നല്കിയിരിക്കുന്നത്.

2) 1.12.18ലെ 96നമ്പർ ബിൽ പ്രകാരം 18-19 വർഷത്തെ കരട് പദ്ധതി രേഖ 200 എണ്ണം (40) പേജ് പ്രിന്റ് ചെയ്തതിന് . 15000/-രൂപ നല്കിയിട്ടുണ്ട്. ഇതിന് 75/-രൂപ നിരക്ക് വരുന്നുണ്ട്. കൂടാതെ വികസനസെമിനാറിൽ അവതരിപ്പിക്കുന്ന കരട് രേഖ ഇത്രയും പ്രിന്റ് എടുത്തതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. 2017-18,19-20 വർഷങ്ങളിൽ ഇത് എത്ര പ്രിന്റ് വീതം എടുത്തെന്നും ബിൽ സഹിതം വ്യക്തമാക്കേണ്ടതാണ്.

3) 2018-19വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് 2 എണ്ണം പ്രിന്റ് ചെയ്തതിന് 5950/-രൂപ നല്കിയിട്ടുണ്ട്.ഒരെണ്ണത്തിന്2975/-രൂപ രൂപ വില വന്നിട്ടുണ്ട്. ഇത്രയും വലിയ തുക വില വരാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.കൂടാതെ ഇതിന്റെ പകർപ്പ് പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

4)1.12.18 ലെ 98 നമ്പർ ബിൽ പ്രകാരം 18-19 വർഷത്തെ അന്തിമ പദ്ധതി രേഖ 20എണ്ണം പ്രിന്റ് ചെയ്തതിന് 5250/-രൂപ ചെലവഴിച്ചിട്ടുണ്ട്.(ഒരെണ്ണത്തിന് 263/-രൂപ നിരക്കിൽ) എന്നാൽ 2.1.19ലെ 104നമ്പർ ബിൽ പ്രകാരം 67പേജുള്ള 25 എണ്ണം പ്രിന്റ് ചെയ്തതിന് 5550/-രൂപ നല്കികാണുന്നു. (ഒരെണ്ണത്തിന് 222/-രൂപ നിരക്കിൽ) ഇതിന്റെ ആവശ്യകത, നിരക്കിലെ വ്യതിയാനം, ഉയർന്ന നിരക്ക് എന്നീ കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ, രേഖയുടെ കോപ്പി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

5) 2.1.19ലെ 104 നമ്പർ ബിൽ പ്രകാരം 19വാർഡുകളിലെ ഗ്രാമസഭാ യോഗ നോട്ടീസ് പ്രിന്റ് ചെയ്ത

വകയിൽ11400പ്രിന്റിന് (19x600) 6150/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇതേ നോട്ടീസ് 11 വാർഡുകളിലേത് റീ പ്രിന്റ് ചെയ്ത വകയിൽ 6600/-എണ്ണത്തിന് 3575/-രൂപ നല്കിയിട്ടുണ്ട്. ഇപ്രകാരം റീ പ്രിന്റ് ചെയ്തതിന്റെ ആവശ്യകത വ്യക്തമല്ല. പരിശോധനയിൽ യോഗതീയതിയിൽ മാത്രമാണ് രണ്ട് നോട്ടീസുകളിലും വ്യത്യാസം കാണുന്നത്. ഇത് മാന്വലായി പരിഹരിക്കാനുന്നതായിരുന്നു.

അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല. ആകയാൽ 156575/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രഥമമറുപടിയിൽ ഇക്കാര്യങ്ങളിൽ വ്യക്തതവരുത്താത്ത പക്ഷം ചെലവ് തുക സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതും തുക ഈടാക്കാൻ തുടർനടപടി സ്വീകരിക്കുന്നതുമായിരിക്കും.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് കട്ടിംഗ് പുനസ്ഥാപന- ഫീ ഈടാക്കിയതിൽ കുറവ്.

ഗ്രാമപഞ്ചായത്തിൽ റോഡ് കട്ടിംഗ് പുനസ്ഥാപന ഫീ ഇനത്തിൽ 230695/-രൂപ വരവുണ്ട്.ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി അനുമതിക്ക് അപേക്ഷിച്ച ഫയലുകൾ പരിശോധിച്ചതിൽ റോഡ് കട്ടിംഗ് പുന:സ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് കണക്കാക്കിയതിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നം. | 1)എ4/6451/2019 തീ.20.08.2019<br>ശ്രീ.എ.വി കൃഷ്ണൻ<br>2)എ4/6480/2019 തീ.20.08.2019<br>ശ്രീ.ബാബു കുനേരിക്കുന്നുമ്മൽ |
| റോഡുകളുടെ വിശദാംശം. | 1. ഞാണിയത്ത് തെരു റോഡ് |
| അനുമതിയുടെ വിശദാംശം | 1. ഞാണിയത്ത് തെരു റോഡ്(3.3 മീറ്റർ നീളം, .5 മീറ്റർ വീതി)<br>പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.08.2019ലെ എ4-6451/19 നടപടിക്രമം<br>2.ഞാണിയത്ത് തെരു റോഡ്(3.6 മീറ്റർ നീളം, .5 മീറ്റർ വീതി)<br>എ4/6480/2019 തീ.20.08.2019 നടപടിക്രമം |

| തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം | | | |
|---|---|---|---|
| ഇനം | അളവ് | നിരക്ക് | തുക |
| Restoration For 20mm Chipping Carpet Road Cutting | 3.3*.50 = 1.65 ച.മീ ആകെ =1.65 ച.മീ | 3129.12@/ച.മീ | 5163.04 |
| Restoration For 20mm Chipping Carpet Road Cutting | 3.6*.50 = 1.80 ച.മീ ആകെ =1.80 ച.മീ | 3129.12@/ച.മീ | 5632.42 |
| ആകെ | | | 10795.4 |

G.O(rt).30/2018/PWD തി. 05.01.2018 നമ്പർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി പുറപ്പെടുവിച്ച പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) ചീഫ് എഞ്ചിനീയറുടെ 30.03.2019 തീയതിയിലെ സി.ഇ/ആർ&ബി /ജിഎൽ-ആർസി/2/2019 നമ്പർ സർക്കുലർ പ്രകാരം കുഴിയുടെ വീതി യഥാർത്ഥത്തിൽ എടുക്കുന്ന കുഴിയുടെ ഒന്നരമടങ്ങ് കണക്കാക്കിയാണ് റോഡ് പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. ടാർ ചെയ്യുന്ന ഭാഗത്തിലെടുക്കുന്ന കുഴിയുടെ വീതിക്ക് ചുരുങ്ങിയത് ഒരു മീറ്ററെങ്കിലും കണക്കാക്കി വേണം പുനസ്ഥാപിക്കൽ ഫീ കണക്കാക്കേണ്ടതെന്നും സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി 0.5 മീറ്റർ വീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന പുനസ്ഥാപിക്കൽ ചാർജ്ജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് | | | |
|---|---|---|---|
| ഇനം | അളവ് | നിരക്ക് | തുക |
| Restoration For 20mm Chipping Carpet Road Cutting | 3.3*1 = 3.3ച.മീ | 3129.12@/ച.മീ | 10326 |
| Restoration For 20mm Chipping Carpet Road Cutting | 3.6*1 = 3.6 ച.മീ | 3129.12@/ച.മീ | 11264 |
| ആകെ | | | 21590/- |

| |
|---|
| ഈടാക്കിയതുക-10797/-രൂപ(രസീത്.നം:1190501-04797 /14.10.2019,1190501-04761/11.10.2019)<br>ഈടാക്കേണ്ടിയിരുന്നത്=21590/-രൂപ,<br>കുറവ് വന്നത്- 10793/-രൂപ |

മേൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും റോഡ് പുനസ്ഥാപിക്കൽ ഫീ ഈടാക്കിയതിൽ ആകെ 10793/- രൂപ കുറവ് വന്നിട്ടുണ്ട്. മേൽ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ളക്കരം -അധിക തുക അടവാക്കി

2019-20 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം വകയിരുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കൽ ( പ്രൊ.നം- 194/2019-20 ) എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2019 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ഡിമാന്റ് തുക തനത്ഫണ്ട് ഉപയോഗിച്ചാണ് സ്ഥാപനം അടവാക്കിയിട്ടുള്ളത്. ആഗസ്റ്റ് 2019 ലെ ബില്ല് പ്രകാരം 142556 രൂപ മുൻകാല കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മാർച്ച് 2020 ലെ ഡിമാന്റ് പ്രകാരം കുടിശ്ശിക 293574 രൂപയാണ്. പദ്ധതി പ്രകാരം മതിയായ തുക വകയിരുത്തിയിരുന്നെങ്കിലും പ്രതിമാസ ഡിമാന്റ് തുക അടവാക്കുന്നതിലുണ്ടായ വീഴ്ച/ കാലതാമസമാണ് കുടിശ്ശിക വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ളത്. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഡിമാന്റ് തുക യഥാക്രമം മാർച്ച് 13, 26 തിയ്യതികളിലാണ് അടവാക്കിയിട്ടുള്ളത്. ബില്ല് പ്രകാരം ഗ്രാമപഞ്ചായത്തിൽ 152 തെരുവ് ടാപ്പുകളാണുള്ളത്. പ്രതിവർഷം 5250 രൂപ നിരക്കിലാണ് ഒരു ടാപ്പിന് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഓരോ മാസത്തെയും ഡിമാന്റ് തുക 66500 രൂപയാണ്. മേൽ സാഹചര്യത്തിലും യഥാസമയം ഡിമാന്റ് തുക അടവാക്കുന്നതിൽ കാലതാമസ മുണ്ടായതായും മാർച്ച് 2020 ലെ ബില്ല് പ്രകാരം 5804 രൂപ ഫൈൻ ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രതിമാസ ഡിമാന്റ് തുക നിശ്ചിത തുകയാണെന്നിരിക്കെ തുക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. പ്രതിമാസ ഗഡുക്കൾ നിശ്ചിത തീയതിക്കകം അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിൽ സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ വീഴ്ച വരുത്തിയിട്ടുണ്ട്.

2. 09.12.2004 ലെ ജി.ഒ (എം.എസ്) നം.330/2004/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരം ജി.പി.ജി ഫണ്ടിന്റെ വിനിയോഗത്തിൽ മുൻഗണന നൽകേണ്ടത് ജല അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കരം അടവാക്കുന്നതിനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾക്കായി മാത്രം 31767410 രൂപയാണ് തനത് ഫണ്ട് വകയിരുത്തിയിട്ട ുള്ളത്. 1.42 കോടി രൂപ വാർഷിക പദ്ധതികൾക്കായി ചെലവഴിച്ചിട്ടുമുണ്ട്. തനത് ഫണ്ട്, ജനറൽ പർപസ് ഗ്രാന്റ് എന്നിവയുടെ അപര്യാപ്തതയിൽ മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് വെള്ളക്കരം അടവാക്കാൻ പാടുള്ളൂ എന്ന വസ്തുത പരിഗണിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചിട്ടുള്ളത്.

3. കുടിവെള്ളക്കരം അടവാക്കുന്നതിനായി തനത്ഫണ്ടിൽ നിന്നും പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.09.2018 ലെ അജണ്ട 14 തീരുമാനം 1 പ്രകാ രം പൊതു ടാപ്പുകളെ കുറിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിൽ (ഫയൽ നം.B5 7603/2018) ഗ്രാമപഞ്ചായത്തിൽ 129 പൊതു ടാപ്പുകൾ ഉണ്ടെന്ന് ഭരണ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചത് അഗീകരിച്ചിട്ടുണ്ട്. മേൽ വസ്തുത 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-34 മുഖേന പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. എന്നാൽ 2019-20 വർഷത്തിലും 152 ടാപ്പുകൾക്ക് ബാധകമായ തുകയാണ് വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുള്ളത്. 798000 രൂപയാണ് ഈ ഇനത്തിൽ അടവാക്കിയിട്ടുള്ളത്. എന്നാൽ യഥാർത്ഥ ഡിമാന്റ് തുക 677250 രൂപ മാത്രമാണ്. (129 തെരുവ് ടാപ്പുകൾക്ക് 5250 രൂപ നിരക്കിൽ പ്രതിവർഷം 677250 ). എന്നാൽ 152 ടാപ്പുകൾക്ക് തുക അടവാക്കിയതിലൂടെ 120750 സ്ഥാപനത്തിന് അധിക ചെലവുണ്ടായി.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് ഖണ്ഡിക മുഖേന വാട്ടർ അതോറിറ്റിക്ക് അടവാക്കുന്ന തുക അധികമാണെന്ന വസ്തുത പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. സംയുക്ത പരിശോധനയിൽ സ്ഥാപന പരിധിയിൽ 129 ടാപ്പുകൾ മാത്രമെ ഉള്ളൂവെന്നത് വ്യക്തമായിട്ടുമുണ്ട്. മേൽ സാഹചര്യത്തിലും 152 ടാപ്പുകൾക്ക് തുക അടവാക്കിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 120750 രൂപ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ- നിർവ്വഹത്തിൽ കാലതാമസം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്ത് 2019-20 വർഷത്തിൽ സ്പിൽഓവറായി നിർവ്വഹണം നടത്തിയ കുടിവെള്ള വിതരണം (പ്രൊ.നം- 182/2019) പദ്ധതി പ്രകാരം 3227862 രൂപ ചെലവഴിച്ചിട്ടുണ്ട്. 11.03.2019 തീയതിയിൽ ടെണ്ടർ നടപടി സ്വീകരിക്കുകയും ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത അഷറഫ് നാനോത്ത് മീത്തൽ എന്നവർക്ക് കിലോമീറ്ററിന് 150 രൂപ നിരക്കിൽ പ്രതിഫലം നിശ്ചയിച്ച് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ 10.06.2019 വരെ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ടെണ്ടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഫയലിൽ കരാറുകാർ സമർപ്പിച്ച ടെണ്ടർ ഫോറം മാത്രമെ ഉൾകൊള്ളിച്ചിട്ടുള്ളൂ. മറ്റ് രേഖകൾ ഫയലിൽ ലഭ്യമല്ല.

2. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക ചെലവഴിച്ചു.

02.03.2019 തിയ്യതിയിലെ സ.ഉ 500/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 01.04.2019 മുതൽ 31.05.2019 വരെ പരമാവധി 11 ലക്ഷമാണ് കുടിവെള്ള വിതരണത്തിനായി ചെലവഴിക്കുന്നതിന് അനുമതി ഉള്ളത്. ഈ കാലയളവിൽ പഞ്ചായത്ത് 3920188 രൂപ മൂല്യമുള്ളത്രയും അളവിൽ കുടിവെള്ളം വിതരണം

ചെയ്യുകയും 3227862 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന്റെ ബില്ലിൽ നിന്നും ആദായ നികുതി ഇനത്തിൽ കറവ് ചെയ്ത തുക കൂടെ പരിഗണിക്കുമ്പോൾ 3260467 ചെലവഴിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്.

3. ചെലവ് തുക തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു.

സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതിക്കായി 1000000 രൂപ ധനകാര്യ കമ്മീഷൻ അവാർഡും 2475000 തനതും ഫണ്ടും വകയിരുത്തിയതിൽ ധനകാര്യ കമ്മീഷൻ അവാർഡായ 1000000 രൂപ മാത്രമെ ചെലവുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളു . തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക Bulk Purchase Of Water , Advance To Implementing Officer എന്നീ ശീർഷകങ്ങളിലാണ് ചെലവുകൾ ബുക്ക് ചെയ്തിട്ടുള്ളത്. ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്യാത്തത് മൂലം അപാകത വാർഷിക കണക്കിൽ പ്രകടമാവാതിരിക്കുകയും പൊതുജനസമക്ഷം യഥാർത്ഥ കണക്കുകൾ മറച്ചുവയ്ക്കുകയും ചെയ്യുന്നു.

4. കുടിവെള്ള വിതരണം ഫലപ്രദവും ലാഭകരമായിരുന്നെന്നും ഉറപ്പ് വരുത്തിയില്ല.

കരാറുകാരൻ ലോറികളിൽ 2000, 1000 ലിറ്ററിന്റെ പി.വി.സി ടാങ്കുകൾ ഘടിപ്പിച്ചാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ഒന്നിടവിട്ട ദിവസങ്ങളിലാണ് വാർഡിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത്. ഒരു ട്രിപ്പിൽ പരമാവധി 3000 ലിറ്റർ മാത്രമെ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു കുടുബത്തിന് ശരാശരി 200 ലിറ്റർ ( രണ്ട് ദിവസത്തേക്ക് ) കണക്കാക്കുമ്പോൾ ഒരു ട്രിപ്പിൽ നിന്നും പരമാവധി 15 കുടുംബങ്ങൾക്ക് മാത്രമെ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ 100 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് ചുരുങ്ങിയത് 7 ട്രിപ്പെങ്കിലും നടത്തേണ്ടി വരും . 90 ശതമാനം ട്രിപ്പുകൾക്കും കുടിവെള്ളം ശേഖരിക്കുന്നത് പഞ്ചായത്ത് പരിധിക്ക് പുറത്തെ മുളിയങ്ങൽ എന്ന പ്രദേശത്ത് നിന്നാണ്. ട്രിപ്പുകൾ കൂടുതൽ നടത്തേണ്ടിവരുന്നതും പഞ്ചായത്ത് പരിധിക്ക് പുറത്ത് നിന്നും കുടിവെള്ളം ശേഖരിക്കുന്നതും ആകെ ഓടുന്ന ദൂരം വർദ്ധിക്കുന്നതിന് കാരണമാവുകയും ചെലവ് വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ സ.ഉ(സാധാ) നം. 787/2017/ ദു.നി.വ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം ചെയ്യേണ്ടത് ടാങ്കറുകളിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി ചെറിയ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്തത് ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

5. ചെലവ് നിയന്ത്രിച്ചില്ല. ചെലവ് രേഖകളുടെ കൃത്യത പരിശോധിച്ചില്ല.

11.04.2019 ലെ ട്രിപ് ഷീറ്റ് പ്രകാരം മുളിയങ്ങൽ മുതൽ കോളോത്ത് മീത്തൽ വരെയുള്ള ദൂരമായി രേഖപ്പെടുത്തിയിട്ടുള്ളത് 16 കിലോമീറ്ററാണ്.13.04.2019 തിയ്യതിയിലെ ട്രിപ്ഷീറ്റ് പ്രകാരം മുളിയങ്ങൽ മുതൽ കോളോത്ത് മീത്തൽ വരെയുള്ള ദൂരമായി രേഖപ്പെടുത്തിയിട്ടുള്ളത് 13 കിലോമീറ്ററാണ്. വാഹനങ്ങൾ ജി.പി.എസ് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ജി.പി.എസ് ലോഗ് ആധാരമാക്കി ചെലവ് നിർവ്വഹിക്കുന്നതിന് പകരം ട്രിപ്ഷീറ്റ് അടിസ്ഥാനപ്പെടുത്തിയാണ് കരാറുകാരന്റെ കരാർ തുക കണക്കാക്കിയിട്ടുള്ളത്. കുടിവെള്ളം ശേഖരിക്കാനും തിരികെ വരുന്നതിനുമായി വാഹനം പഞ്ചായത്ത് പരിധിക്ക് പുറത്ത് നടത്തിയ യാത്രയുടെ ദൂരവും ബില്ലിൽ കണക്കാക്കിയിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി ഡയറക്ടർ , CWRDM ന് എ3/839/19 നമ്പറായി 29.03.2019 തീയതിയിൽ കുട്ടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിൽ നിന്നും ജലം ലഭ്യമാക്കുന്നതിന് അനുമതിക്കായി അപേക്ഷിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. കുടിവെള്ള വിതരണത്തിന്റെ ചെലവ് വൗച്ചറുകൾക്ക് അംഗീകാരം നൽകുമ്പോഴും ബുക്ക് ചെയ്ത ശീർഷകത്തിന്റെ കൃത്യത, അതുവരെയുള്ള ചെലവ് എന്നിവ സെക്രട്ടറി പരിശോധിക്കാതിരുന്നതും ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ള വിതരണത്തിനായി 2019- 20 വർഷം 4874188/- രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം | ചെലവഴിച്ച തുക |
|---|---|

| | |
|---|---|
| 158/2019-20, വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം | 156000 |
| 182/2019-20, കുടിവെള്ള വിതരണം | 3920188 (തുക മുഴുവൻ നൽകിയില്ലെങ്കിലും ബാക്കി തുക ബാധ്യതയായി നിലനിൽക്കുന്നു) |
| 194/2019-20, കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കരം അടവാക്കൽ (തെരുവ് ടാപ്പ്) | 798000 |
| ആകെ | 4874188 |

2019-20 വർഷത്തിൽ കുടിവെള്ള വിതരണത്തിനായി 4874188 രൂപയാണ് സ്ഥാപനം ചെലവഴിച്ചിട്ടുള്ളത്. 2019-20 വർഷത്തിൽ 32 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ടായിരുന്നതായും അതിൽ 13 പദ്ധതികൾ പ്രവർത്തനക്ഷമമല്ലായിരുന്നു എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് 5 ലുള്ള മൂന്ന് കുടിവെള്ള പദ്ധതികളും പ്രവർത്തനക്ഷമമല്ലായിരുന്നു എന്നും മറുപടിയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. വലിയനിലയിലുള്ള അറ്റകുറ്റപണികൾ ആവശ്യമുള്ളതും പഞ്ചായത്ത് നേരിട്ട് നടപ്പാക്കേണ്ടതുമായ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്തതും 2019-20 വർഷത്തിൽ സ്പിൽ ഓവറായി തുടർന്നതുമായ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനും റിപ്പയറിനുമുള്ള പദ്ധതികളുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസവും പഞ്ചായത്ത് പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നത് കാരണമായിട്ടുണ്ട്.

ഉദാ- നെല്ല്യാടിക്കണ്ടി കുടിവെള്ള പദ്ധതിയുടെ മോട്ടോർ റിപ്പയർ ചെയ്യാനാവാത്ത വിധം കേടായതിനാൽ മാറ്റി സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്തിരുന്നുവെങ്കിലും പദ്ധതി 2019-20 വർഷത്തിലാണ് പൂർത്തീകരിച്ചത്. 2019 ഫെബ്രുവരി മാസത്തിൽ നെല്ല്യാടിക്കണ്ടി കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾ മോട്ടോർ പ്രവർത്തിക്കാത്ത സാഹചര്യം ചൂണ്ടിക്കാട്ടി കുടിവെള്ളം വിതരണം ചെയ്യുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെടുകയും പഞ്ചായത്ത് 158/2019-20 നമ്പറായുള്ള വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം പദ്ധതി പ്രകാരം 156000 രൂപ നെല്ല്യാടിക്കണ്ടി കുടിവെള്ളപദ്ധതി, പുളിയാറപ്പുറം ഭാഗം കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലുള്ള കാലതാമസവും നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹിക്കാത്തതുമാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിക്കുന്നതിന് കാരണമായിട്ടുള്ളത്. ചെലവ് തുക 156000 രൂപ ഗ്രാമപഞ്ചായത്തിന്റെയും സെക്രട്ടറിയുടെയും ചുമതലാ നിർവ്വഹത്തിലുണ്ടായ വീഴ്ചമൂലമാണ് സംഭവിച്ചിട്ടുള്ളത്. ചെലവ് തുക നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 16.02.2022-17.02.2022 | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000/- | നെൽകൃഷി വികസനം | 500000/- | 0 |
| | 2019-20 | 250000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000/- | 0 |
| | 2019-20 | 412488/- | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 412488/- | 0 |
| | 2019-20 | 1180000/- | ലൈഫ് ഭവനപദ്ധതി | 1205000/- | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2019-20 | 200000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000/- | 0 |
| | 2019-20 | 150000/- | ക്ഷീരഗ്രാമം | 150000/- | 0 |
| | 2019-20 | 4341800/- | ലൈഫ് ഭവനപദ്ധതി | 4341800/- | 0 |
| | 2019-20 | 150000/- | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 150000/- | 0 |
| | 2019-20 | 94187/- | മുട്ട ഗ്രാമം | 94187/- | 0 |
| | 2019-20 | 250000/- | ലൈഫ് ഒന്നാംഘട്ടം | 250000/- | 0 |
| | 2019-20 | 400000/- | ലൈഫ് എസ്സ്.സി | 400000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 30671833/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് | സ.ഉ(സാധാ) നം.2283/2015/ ത.സ്വ.ഭ.വ തിയ്യതി.25.07.2015 | 13410781/- | 22460503/- | 5631271 | 2896842 | 30240013/- |
| ലൈഫ് ഭവന പദ്ധതി | | 17261052 | 11498948 | 2102941 | 185171 | 26657059/- |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 10000 |
| ആകെ | 10000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 64481/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| ലഭ്യമാക്കിയിട്ടില്ല | 2-2 | 1210/- | ശ്രീ.കുഞ്ഞബ്ദുള്ള | 119050101505/04.06.2019 |
| 2006-07 | 2-2 | 1587/- | ശ്രീ.ചാലിൽ രാജൻ | 119050101559/10.06.2019 |
| | 2-2 | 945/- | ശ്രീ.എൻ.കെ കുഞ്ഞബ്ദുള്ള ഹാജി | 119050101653/13.06.2019 |
| | 2-2 | 11340/- | -- | 119050101654/13.06.2019 |
| | | 1209/- | | 119050101665/13.06.2019 |

| | | | | |
|---|---|---|---|---|
| 2017-18 | 3-6 | 1200/- | -- | 119050101695/14.06.2019 |
| 2017-18 | 2-3 | 4800/- | | |
| 2017-18 | 2-3 | 5760/- | ഇ.എം.എസ് ഹോസ്പിറ്റൽ പേരാമ്പ്ര | |
| 2017-18 | 2-3 | 4200/- | ഉദയ മെഡിക്കൽസ് പേരാമ്പ്ര | |
| 2017-18 | 2-3 | 10332/- | ശ്രീമതി.രോഹിണി | |
| | | 500/- | ശ്രീ.ഡൈസൺ തോമസ് | |
| 2018-19 | | 8084/- | ചെയർമാൻ കാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് | |
| | 2-4 | 9564/- | ശ്രീ.മമ്മു ഹാജി | |
| 2017-18 | 2-4 | 3300/- | | |
| | | 450/- | ശ്രീ.അഷറഫ് പാറക്കണ്ടി | |
| ആകെ തുക | | 64481/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | പരാമർശം നിലനിൽക്കുന്നു |
| 2000-01 | | 2003-04 | 11.14 | ബസ് സ്റ്റാന്റ് മൂത്രപുര- | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | | | | കൂടുതൽ തുക നൽകിയത്. | നിലനിൽക്കുന്നു |
| 2001-02 | 3-5 | 2006-07 | 3.79.6.3 | മണൽ വിൽപന | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 3-2 | 2006-07 | 3.79.18.7 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകളിലെ മാലിന്യ കൂമ്പാരം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.3 | ജല സ്രോതസ്സുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.4 | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.8 | മഴവെള്ള സംഭരണി പരാജയം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.12 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.13 | ഗുണഭോക്തൃ സമിതി തുക കൈമാറിയത് | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.17.87 | വെള്ളക്കരം കുടിശ്ശിക | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.6.1.24 | എസ്സ്.സി -എസ്സ്.ടി അടിസ്ഥാന സൌകര്യ വികസനം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.7.13.1538/33 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).1.10.90 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ)2.2.91 | വീട് റിപ്പയർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).3.4.91 | കുടിവെള്ളം | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-3 | 2016-17 | 6(ബി).93 | ധനവിനിയോഗം സാധ്യമാകാത്തത് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4.1.88 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.2.11 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | അടവാക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2009-10 | - | ശ്രീ. കെ.സി. സുബ്രഹ്മണ്യൻ. അസിസ്റ്റന്റ് എഞ്ചിനീയർ | എൽഎഫ്4418/ സ്പെ.സെൽ/ ഡി.എസ്.സി./ ഡി2/2013 തീയതി 25-07-2014 | 17480/- | - | | 17480/- |
| 2 | 2008-09 | 2-10 | ശ്രീ.ജോയ്സി | എൽഎഫ് 7321/സ്പെ.സെൽ സി.എസ്.സി/ ഡി2/2012 തിയതി. 21.02.2013 | 16392 | 6660/- | | 9732 രൂപ |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 134943862 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 142920920 |
| വരവിനങ്ങളിലുള്ള നഷ്ടം | 10793 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 276750 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4993119 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10793 | - | ശ്രീമതി സൗദ കെ.സി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | - | 120750 | ശ്രീ മനോജ് ഒ,<br>സെക്രട്ടറി. |
| 3-2 | | 156000 | ശ്രീ മനോജ് ഒ,<br>സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 156575 | ശ്രീ മനോജ് ഒ,<br>സെക്രട്ടറി |
| 1-18 | 528113 | ശ്രീ മനോജ് ഒ,<br>സെക്രട്ടറി |
| 1-28 | 644115 | ശ്രീ മനോജ് ഒ,<br>സെക്രട്ടറി |
| 1-29 | 247274 | -ടി- |
| 1-31 | 3260467 | ശ്രീ മനോജ് ഒ,<br>സെക്രട്ടറി |
| 1-34 | 156575 | -ടി- |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ മനോജ് ഒ, സെക്രട്ടറി | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | ഒതയോത്ത്,നൊച്ചാട്,കോഴിക്കോട് , ഫോൺ- 9496048167 |
| ശ്രീ സൗദ.കെ.സി | അസി.എഞ്ചിനീയർ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | തളിയോത്ത്,ചേനോളി,കോഴിക്കോട്. ഫോൺ-8301047876 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി. പി5-402/98 തീ. 12.11.12 | 1 | 32(2) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി4-1262/11 തീ. 04.10.2011 | 2 | 33,56 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി4-644/09 തീ. 05.01.2010 | 2 | 19,21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/465/11 തീ. 04.02.2012 | 13 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി 7/2020/11തീ.13.02.2012 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7/1271/12 തീ. 05.09.2012 | 7 | |
| 2009-10, 10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13 തീ. 22.07.2013 | 23 | 2-1, 2-3 2-4 2-5, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, |

| | | | |
|---|---|---|---|
| | | | 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 4-3, 4-7 |
| 2011-12, 12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15തീ. 14.09.15 | 15 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-10,3-11,3-12 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.4.1637/16 തീ. 31.10.16 | 13 | 2-1, 2-2, 2-3, 2-4,2-5, 2-6,3-1,3-2, 3-3,3-4,3-5, 3-6,3-7, 3-8, 3-9, 3-10,3-11, 3-12, 3-13, 3-14, 3-15,3-16 |
| 2015 - 16 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 1947/16 തീ. 15.05.17 | 22 | 2-1,2-2,2-3, 2-4,2-5,2-6, 2-7, 2-8, 3-1, 3-2,3-3,3-4, 3-5,3-6, 3-7, 3-8, 3-9, 3-10,3-11, 3-12,3-13,3-14 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1485/2017 , 03.08.2017 | 25 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1642/2019 തി.16.06.2020 | 15 | 1-12(1,2,4),2-2, 2-6, 3-2, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-15,3-16,3-17 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1154/2020 തി.25.05.2021 | | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22(3), 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, |

| | | | |
|---|---|---|---|
| | | | 1-34,1-35,<br>1-37, 1-40, 1-41 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്